**പതിനാലാം കേരള നിയമസഭ**

# ഹർജികൾ സംബന്ധിച്ച സമിതി (2016-2019)

## രണ്ടാമത് റിപ്പോർട്ട്

(2018 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# ഹർജികൾ സംബന്ധിച്ച സമിതി (2016-2019)

**രണ്ടാമത് റിപ്പോർട്ട്**

(2018 മാർച്ച് മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച് ]**

671/2018.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | : | v |
| ആമുഖം | | : | vii |
| റിപ്പോർട്ട് | | : | 1 |
| അദ്ധ്യായം | | | |
| I. | സമിതിയുടെ പ്രധാനപ്പെട്ട ശിപാർശകൾ/നിർദ്ദേശങ്ങൾ | : | 7 |
| II. | സമിതി ശിപാർശ/നിർദ്ദേശം നൽകിയ ഹർജികളുടെ വിശദ വിവരം | : | 9 |
| III. | സമിതിയുടെ ഇടപെടൽമൂലം പരിഹരിച്ച ഹർജികളുടെ വിശദ വിവരം | : | 25 |
| IV. | സമിതി ശിപാർശകൾ നൽകിയിട്ടുള്ളതും സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും, അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തതുമായ 10 വർഷത്തിലധികം പഴക്കമുള്ള ഹർജികൾ | : | 49 |
| V. | സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | : | 54 |

## സമിതിയുടെ ഘടന

## (2016-2019)

അദ്ധ്യക്ഷൻ:

ശ്രീ. രാജു എബ്രഹാം

അംഗങ്ങൾ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീ. എം. സ്വരാജ്

ശ്രീ.പി. ഉബൈദുള്ള

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. ഗോപകുമാരൻ പിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജെ. സാമുവൽ, അണ്ടർ സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

ഹർജികൾ സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ (2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ) സമിതി 27 യോഗങ്ങൾ ചേർന്നു.

പ്രസ്തുത യോഗങ്ങളിൽ സമിതിക്ക് ലഭിച്ച ഹർജികൾ പരിഗണിക്കുകയും വിശദീകരണം ആവശ്യമെന്ന് ബോദ്ധ്യപ്പെട്ട സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹർജി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനും നിജസ്ഥിതി വിലയിരുത്തുന്നതിനും ഹർജിയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ബന്ധപ്പെട്ടവരിൽ നിന്ന് തെളിവെടുക്കുന്നതിനും സമിതി ശ്രമിച്ചിട്ടുണ്ട്.

സമിതിയ്ക്ക് ലഭിച്ച ഹർജികളും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നു ലഭിച്ച റിപ്പോർട്ടുകളും അതിൻമേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2018 മാർച്ച് 14-ാം തീയതി കൂടിയ യോഗം അംഗീകരിച്ചു.

രാജു എബ്രഹാം,<br>
*അദ്ധ്യക്ഷൻ,*<br>
*ഹർജികൾ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,<br>
2018 മാർച്ച് 20.

# റിപ്പോർട്ട്

## 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജികൾ സംബന്ധിച്ച്

നിയമസഭാ സമിതികളിൽ സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന സമിതികളിൽ ഒന്നാണ് ഹർജികൾ സംബന്ധിച്ച സമിതി. കേരള നിയമസഭയിൽ ഹർജികൾ സംബന്ധിച്ച സമിതി രൂപീകൃതമായത് 1957 ജൂൺ 12-ാം തീയതിയാണ്. നിയമസഭയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികൾ പരിശോധിച്ച് സഭയിൽ റിപ്പോർട്ട് സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സമിതി രൂപീകൃതമായത്. 1970 മാർച്ച് 11-ാം തീയതി ബഹു. സ്പീക്കർ പുറപ്പെടുവിച്ച നിർദ്ദേശപ്രകാരം സമിതിയുടെ പ്രവർത്തന പരിധി വിപുലീകരിക്കുകയും, അതുപ്രകാരം വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും പരാതികൾ സ്വീകരിച്ച് പരിഹാര നടപടി നിർദ്ദേശിക്കുവാനുള്ള അധികാരം കൂടി സമിതിയിൽ നിക്ഷിപ്തമാകുകയും ചെയ്തു. തത്ഫലമായി പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതിനും പ്രശ്ന പരിഹാരത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സമിതിക്ക് അധികാരം കൈവരികയും പ്രസ്തുത അധികാരം കാലാകാലങ്ങളിൽ നിലവിൽ വരുന്ന സമിതികൾ വളരെ പ്രശംസനീയമായ രീതിയിൽ വിനിയോഗിച്ചു വരികയും ചെയ്യുന്നു.

2. സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഹർജികൾ സംബന്ധിച്ച സമിതി (2001-2003) രൂപം നൽകിയ ഇന്റേണൽ വർക്കിംഗ് റൂളിന് ബഹു. സ്പീക്കർ 2002 ഏപ്രിൽ 11-ാം തീയതി അംഗീകാരം നൽകുകയുണ്ടായി. ഹർജികൾ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സുതാര്യമാക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും സമിതിയുടെ പ്രവർത്തനം ജനോപകാരപ്രദമാക്കുന്നതിനും ചട്ടങ്ങൾ നിലവിൽ വന്നത് ഏറെ സഹായകരമായിട്ടുണ്ട്.

3. പൊതുജനങ്ങൾക്ക് പ്രശ്നപരിഹാരത്തിന് പ്രാപ്യമായ സാമ്പത്തിക ചെലവില്ലാത്തതും ഏറ്റവും ഉന്നതവുമായ സർക്കാർ സംവിധാനമാണ് ഹർജികൾ സംബന്ധിച്ച സമിതി. സർക്കാർ ഓഫീസുകളിൽ പരാതി പരിഹാരത്തിനായി അപേക്ഷ നൽകിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തവ, സർക്കാർ വകുപ്പുകളിലെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയുംമൂലമുള്ള നീതി നിഷേധം, അശരണരും വൃദ്ധരുമായിട്ടുള്ളവരോടുള്ള അനീതി, വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഉണ്ടാകുന്ന നീതീകരിക്കാനാവാത്ത കാലതാമസം, ആശ്രിത നിയമനം സംബന്ധിച്ച് വിവിധ വകുപ്പുകളിൽ സംഭവിക്കുന്ന വീഴ്ചകൾ, വിവിധ വകുപ്പുകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതുമൂലം ഉണ്ടാകുന്ന വീഴ്ചകൾ, കേസന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകൾ, പട്ടയം ലഭ്യമാകാത്തതും അനധികൃത വസ്തു കയ്യേറ്റവും സംബന്ധിച്ച പ്രശ്നങ്ങൾ, റീ സർവ്വെയിലെ അപാകത തുടങ്ങി പൊതുജനങ്ങൾ നേരിടേണ്ടി വരുന്ന പലതരം ഗുരുതരമായ പ്രശ്നങ്ങൾ സമിതിയുടെ

പരിഗണനയ്ക്ക് വരാറുണ്ട്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 107 മുതൽ 115 വരെയുള്ള ചട്ടങ്ങൾ അനുസരിച്ച് സഭയിൽ സമർപ്പിക്കുന്ന ഹർജികളും 223, 224 എന്നീ ചട്ടങ്ങൾ അനുസരിച്ച് പൊതുഹർജികളും 180 മുതൽ 211 വരെയുള്ള പൊതു ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരവും ഹർജികൾ സമിതി പരിഗണിക്കുകയും പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

4. ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ സർക്കാരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി അവ പരിശോധിച്ച് പ്രശ്നപരിഹാരത്തിനായി നിർദ്ദേശങ്ങളും/ശിപാർശകളും ഗവൺമെന്റിന് നൽകുക എന്നതാണ് സമിതിയുടെ പ്രധാന ചുമതല. ഗവൺമെന്റ് റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അതിന്മേൽ കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയോ ചീഫ് സെക്രട്ടറി അടക്കമുള്ള ബന്ധപ്പെട്ട ഗവൺമെന്റ് സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, ഹർജിക്കാർ എന്നിവരിൽ നിന്നും തെളിവെടുക്കുകയോ ചെയ്താണ് സമിതി ഹർജികളിന്മേൽ തീർപ്പ് കൽപ്പിക്കുന്നത്. പൊതു പ്രാധാന്യം അർഹിക്കുന്ന ഹർജികൾക്ക് സമിതി പ്രത്യേക പ്രാധാന്യം നൽകി പരിശോധിച്ച് ആവശ്യമെങ്കിൽ ഹർജിക്കാധാരമായ സ്ഥലം സന്ദർശിച്ച് ജില്ലയിലെ വകുപ്പുതല ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയും പ്രശ്നപരിഹാരത്തിന് ആവശ്യമായ ശിപാർശകൾ നൽകുന്നു. ആവശ്യമെങ്കിൽ പ്രസ്തുത ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു. റിപ്പോർട്ട് സമർപ്പണത്തിനുശേഷം ആയത് അടിസ്ഥാന പ്പെടുത്തി ബഹു. സ്പീക്കറുടെ അനുമതിയോടെ പത്രസമ്മേളനം നടത്തി പ്രശ്നങ്ങളും അതിനുള്ള പരിഹാര നിർദ്ദേശങ്ങളും പൊതുജന ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യുന്നു.

5. വിവിധ ജില്ലകളിൽ നിന്ന് സമിതിക്ക് ലഭിക്കുന്ന ഹർജികളിന്മേൽ കൂടുതൽ വിവരം ആരായുന്നതിനും നീതി ലഭ്യമാകാത്ത ഹർജിക്കാർക്ക് നീതി ലഭ്യമാക്കണം എന്ന ലക്ഷ്യത്തോട് കൂടിയും പൊതുജനങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും കൂടുതൽ പരാതികൾ സ്വീകരിച്ച് അവരുമായി നേരിട്ട് സംവദിക്കുന്നതിനുമായി സമിതി ജില്ലാ ആസ്ഥാനങ്ങളിൽ യോഗം ചേരുകയും സമിതിയുടെ പരിഗണനയിലിരിക്കുന്ന ഹർജികളിന്മേൽ ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ഇത്തരം ജില്ലാതല യോഗങ്ങൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് മറുപടി ലഭ്യമാകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സഹായിക്കുന്നു. കൂടാതെ ജില്ലാകളക്ടറുടെയും ജില്ലയിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഹർജിക്കാർക്ക് അവരുടെ പരാതികൾ നേരിട്ട് ബോദ്ധ്യപ്പെടുത്തു ന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള വേദിയൊരുക്കുവാനും ജില്ലാതല യോഗങ്ങൾ സഹായകരമാകുന്നു. വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുമെന്നതിനാൽ യോഗത്തിൽ വച്ച് തന്നെ പല പരാതികളും പരിഹരിക്കുവാൻ സാധിക്കുന്നു എന്നത് സമിതിയുടെ ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു.

6. പതിനാലാം കേരള നിയമസഭയുടെ ഹർജികൾ സംബന്ധിച്ച സമിതി (2016-2019), 2016 ജൂലൈ 25-ാം തീയതി രൂപീകൃതമായി. 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച ഹർജികൾ, സമിതി നിർദ്ദേശങ്ങൾ, ശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമിതി (2016-2019)-യുടെ ഒന്നാമത് റിപ്പോർട്ട് 23-5-2017-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

7. 2017 വർഷത്തിൽ സമിതി ആകെ 27 യോഗങ്ങൾ ചേരുകയും 581 ഹർജികൾ പരിഗണിക്കുകയും ചെയ്തു. സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികളിന്മേൽ ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിക്കുന്നതിലേക്കായി 14 യോഗങ്ങളും വകുപ്പ് സെക്രട്ടറി ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹർജിക്കാർ അടക്കമുള്ളവരും ആയുള്ള 10 തെളിവെടുപ്പ് യോഗങ്ങളും വയനാട്, കാസർഗോഡ്, കോഴിക്കോട് എന്നിവിടങ്ങളിലെ ജില്ലാ ആസ്ഥാനങ്ങളിൽ നടത്തിയ 3 ജില്ലാതല യോഗങ്ങളും ഉൾപ്പെടുന്നു. കൂടാതെ ഝാർഖണ്ഡ് നിയമസഭാ സമിതിയുമായി സംയുക്തയോഗവും ഇക്കാലയളവിൽ സമിതി ചേരുകയുണ്ടായി. ഗോൾഫ് ക്ലബ്ബിലൂടെ വഴി അനുവദിക്കണമെന്നാവശ്യപ്പെട്ട് കടപ്പത്തല ദേവിനഗർ റസിഡന്റ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജിയിലും വസ്തുവിന്റെ റീ ടെയിനിംഗ് വാളും മതിലും തകർത്ത ഇറിഗേഷൻ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബി. വിജയകുമാർ സമർപ്പിച്ച ഹർജിയുടെയും നിജസ്ഥിതി പരിശോധിക്കുന്നതിന് ഗോൾഫ് ക്ലബ്ബും തിരുവനന്തപുരം മരുതംകുഴി കിള്ളിയാറിനു തീരത്തുള്ള സ്ഥലവും 19-1-2017-ന് സമിതി സന്ദർശിക്കുകയുണ്ടായി.

8. 2017 ജനുവരി ഒന്നു മുതൽ 2017 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കുവന്ന ഹർജികളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

9. സമിതിക്ക് ലഭിക്കുന്ന ഹർജികളിന്മേൽ അവയുടെ പ്രാധാന്യമനുസരിച്ച് ചട്ടങ്ങൾ പ്രകാരം ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നാണ് സമിതി ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെടുന്നത്. അടിയന്തര സ്വഭാവമുള്ള ചില ഹർജികളിന്മേൽ പതിനഞ്ച് ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെടാറുണ്ട്. എന്നാൽ ഹർജി റിപ്പോർട്ടിനായി അയച്ചുകഴിഞ്ഞ് നിരവധി ഓർമ്മക്കുറിപ്പുകളും വിവിധ ഉദ്യോഗസ്ഥ തലത്തിലുള്ള അർദ്ധ ഔദ്യോഗിക കത്തുകളും വകുപ്പ് സെക്രട്ടറിമാർക്ക് നെയിം കവറിൽ കത്തുകളും അയച്ചിട്ടും പലപ്പോഴും മറുപടി ലഭ്യമാക്കുന്നതിന് വകുപ്പുകൾ ശുഷ്കാന്തി കാണിക്കാറില്ല. ഇത്തരത്തിൽ പത്തുവർഷത്തിലധികം കാലപ്പഴക്കമുള്ള ഹർജികൾ വരെ സമിതിയുടെ പരിഗണനയിലുണ്ട്. അത്തരം ഹർജികളിൽ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി നിർബന്ധിതരാകുന്നു. എന്നാൽ വർഷങ്ങളായി മറുപടി ലഭ്യമാക്കാതിരുന്ന ഹർജികളിൽ തെളിവെടുപ്പിനുള്ള അറിയിപ്പ്

നൽകിയാലും വകുപ്പ് സെക്രട്ടറിമാർ പലപ്പോഴും തെളിവെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഹർജികൾ സംബന്ധിച്ച സമിതി (2016-2019)-യുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഒന്നിൽപ്പോലും പങ്കെടുക്കാത്ത വകുപ്പ് സെക്രട്ടറിമാരുണ്ടെന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് സമിതിയുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുവാൻ പലപ്പോഴും സാധിക്കുന്നില്ലെന്നും ഹർജി വിഷയങ്ങൾ ആഴത്തിൽ പഠിച്ച് പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കുന്നില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ വേണ്ടത്ര ഗൃഹപാഠം ചെയ്ത് പരാതിക്കുള്ള പരിഹാര നിർദ്ദേശങ്ങളുമായി യോഗത്തിൽ ഹാജരാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. വിവിധ ജില്ലകളിൽ നിന്നും സമിതിക്ക് ലഭിക്കുന്ന ഹർജികളിന്മേൽ കൂടുതൽ വിവരം ആരായുന്നതിനും നീതി ലഭ്യമാകാത്ത ഹർജിക്കാർക്ക് നീതി ലഭ്യമാക്കണം എന്ന ലക്ഷ്യത്തോടുകൂടിയുമാണ് സമിതി ജില്ലാതല യോഗങ്ങൾ ചേരുന്നത്. കൂടാതെ ജില്ലയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും സഹായകരമാവും എന്നതും ജില്ലാതല യോഗങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. എന്നാൽ ജില്ലാതല യോഗങ്ങളിൽ വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ പലപ്പോഴും പങ്കെടുക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാതല യോഗങ്ങളിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ പങ്കെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. സമിതിക്ക് ലഭിക്കുന്ന ഹർജികൾ റിപ്പോർട്ടിനയച്ചു കഴിഞ്ഞാൽ അതിന് അർഹമായ പരിഗണന നൽകി തുടർനടപടി സ്വീകരിക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. യാതൊരു മറുപടിയും ലഭിക്കാത്ത പത്തു വർഷത്തിലധികം പഴക്കമുള്ള ഹർജികൾ പോലും സമിതിയുടെ പരിഗണനയിലുണ്ടെന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സമിതി ആവശ്യപ്പെടുന്ന അധികവിവരങ്ങളും സമിതി നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളും യഥാസമയം അറിയിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ നിയമസഭാ സമിതിയിൽ ലഭിക്കുന്ന ഹർജികളും സമിതിയുടെ ശിപാർശകളും അർഹമായ പരിഗണന നൽകി സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി/ബന്ധപ്പെട്ട

വകുപ്പ് സെക്രട്ടറിമാർ എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്ന സീറ്റുകൾ യാതൊരു കാരണവശാലും ഒഴിച്ചിടരുതെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

സമിതിയുടെ പരിഗണനയിലുള്ള വിവിധ ഹർജികൾ പരിഗണിക്കവെ ഉരുത്തിരിഞ്ഞ ചില ശിപാർശകൾ ചുവടെ ചേർക്കുന്നു:

13. വനം-വന്യജീവി വകുപ്പുമായി തർക്കത്തിലുള്ള ഭൂമിയിൽ യാതൊരുവിധ കൃഷിയും നടത്തുവാൻ വനം വകുപ്പുദ്യോഗസ്ഥർ അനുവദിക്കുന്നില്ലെന്നും അത്തരം ഭൂമിയിലുള്ള കാർഷിക വിളകൾ വനം വകുപ്പുദ്യോഗസ്ഥർ നശിപ്പിക്കുന്നതായും പരാതിപ്പെട്ടുകൊണ്ട് നിരവധി പരാതികൾ സമിതിക്ക് ലഭിക്കുന്നുണ്ട്. ചില കേസുകളിൽ ഫോറസ്റ്റ് ട്രൈബ്യൂണലിൽ നിന്നും അനുകൂല വിധി ലഭിച്ചിട്ട് പോലും വനം വകുപ്പ് നിഷേധാത്മക സമീപനം സ്വീകരിക്കുന്നതായി സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ വനം-വന്യജീവി വകുപ്പുമായി തർക്കത്തിലുള്ള കൃഷി ഭൂമിയിൽ വൻകിട തോട്ടം ഉടമകൾ ഒഴികെയുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് ഹ്രസ്വകാല കാർഷിക വിളകൾ കൃഷി ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് അവസരം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. സ്വന്തം വീടുകളിലേക്ക് പോകുവാൻ വഴിയില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് 3 ചുവട് വഴി എന്ന പരമ്പരാഗത സമ്പ്രദായം അശാസ്ത്രീയമാണെന്നും ആയത് കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഒന്നിലേറെ പരാതികൾ സമിതിയുടെ പരിഗണനയിൽ വരികയുണ്ടായി. വാഹന സൗകര്യങ്ങൾ പരിമിതമായിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന മൂന്ന് ചുവട് വഴി എന്ന സങ്കല്പം മാറേണ്ടതാണെന്ന് സമിതി കരുതുന്നു. സ്വന്തം വീടുകളിലേയ്ക്ക് പോകുവാൻ വഴിയില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് മൂന്ന് ചുവട് വഴി എന്നത് കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വീടുകളിലേക്ക് പോകുവാൻ വഴിയില്ലാത്തവർക്ക് മൂന്ന് ചുവട് വഴി എന്നതിന് പകരം 1 മീറ്റർ വീതിയിൽ വഴി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. സമിതിക്ക് ലഭിക്കുന്ന പല ഹർജികളും ആഴത്തിൽ പരിശോധിക്കുമ്പോൾ ഉദ്യോഗസ്ഥർ ക്രമവിരുദ്ധമായി ചെയ്ത നടപടികളാണ് പല പരാതികൾക്കും ഇടയാക്കിയിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. അത്തരം ഹർജികളിന്മേൽ ക്രമവിരുദ്ധമായും നിയമവിരുദ്ധമായും പ്രവർത്തിച്ച ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിക്കുന്നതുവരെ റിപ്പോർട്ട് നൽകാതിരിക്കുന്ന പ്രവണതയും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർവ്വീസിലിരിക്കെ ജീവനക്കാർ ചെയ്യുന്ന ക്രമവിരുദ്ധവും

നിയമവിരുദ്ധവുമായ പ്രവൃത്തികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ച കഴിഞ്ഞാൽ സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇത് നിയമവ്യവസ്ഥയിലെ ഒരു പോരായ്മയായി സമിതി ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ സർവ്വീസിൽ നിന്നും വിരമിച്ചാലും സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ KSR Part III റൂൾ 59 ഭേദഗതി ചെയ്ത് അടിയന്തരമായി SRO പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16. നിസ്സാരമായ അതിര് തർക്കങ്ങൾ, വിവിധ ക്ഷേമ പെൻഷനുകൾക്ക വേണ്ടിയുള്ള അപേക്ഷകൾ തുടങ്ങി ജില്ല/താലൂക്ക്/പഞ്ചായത്ത് തലങ്ങളിൽ പരിഹരിക്കുവാൻ കഴിയുന്ന പല പരാതികളും സമിതിയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. ജീവനക്കാർ ആത്മാർത്ഥതയോടെ ശ്രമിച്ചാൽ പരിഹാരം കാണുവാൻ സാധിക്കുന്ന അപേക്ഷകളാണ് ഏറിയ പങ്കുമെന്ന് സമിതി വിലയിരുത്തുന്നു. നീതി നിഷേധിക്കപ്പെടുന്നവരുടെ അവസാന ആശ്രയമായി സമിതി മാറുന്നതിൽ സമിതിക്ക് അഭിമാനമുണ്ട്. എങ്കിലും ജില്ല/താലൂക്ക്/ പഞ്ചായത്ത് തലങ്ങളിൽ പരിഹരിക്കുവാൻ കഴിയുന്ന പല പരാതികളും സമിതിക്ക് മുന്നിലെത്തുന്നതിൽ സർക്കാർ വകുപ്പുകളോട് സമിതിക്കുള്ള അതൃപ്തി രേഖപ്പെടുത്തുന്നു. സർക്കാർ ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ ഗുണപരമായ മാറ്റം അനിവാര്യമാണെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദങ്ങൾ ആകുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ ആലോചിയ്ക്കേണ്ടതാണ്. ആയതിനാൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദവുമായും പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
2018 മാർച്ച് 20.

രാജു എബ്രഹാം,
*അദ്ധ്യക്ഷൻ,*
*ഹർജികൾ സംബന്ധിച്ച സമിതി.*

അദ്ധ്യായം 1

## സമിതിയുടെ പ്രധാന ശിപാർശകൾ/നിർദ്ദേശങ്ങൾ

1. ഹർജികൾ സംബന്ധിച്ച സമിതി (2016-2019)യുടെ തെളിവെടുപ്പ് യോഗങ്ങളിൽ ഒന്നിൽപോലും പങ്കെടുക്കാത്ത വകുപ്പ് സെക്രട്ടറിമാരുണ്ടെന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. സമിതിയുടെ തെളിവെടുപ്പ് യോഗങ്ങളിൽ വകുപ്പ് സെക്രട്ടറിമാർ നിർബന്ധമായും പങ്കെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2. സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ ഹർജി വിഷയങ്ങൾ ആഴത്തിൽ പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ശ്രമിക്കുന്നില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ വേണ്ടത്ര ഗൃഹപാഠം ചെയ്ത് പരിഹാര നിർദ്ദേശങ്ങളുമായി യോഗത്തിൽ ഹാജരാകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. സമിതിയുടെ ജില്ലാതല യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ പലപ്പോഴും പങ്കെടുക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാതല യോഗങ്ങളിൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. മതിയായ കാരണമില്ലാതെ സമിതി യോഗങ്ങളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സമിതിയുടെ ശിപാർശകൾ/നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് നൽകുന്നതിന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ/ചീഫ് സെക്രട്ടറി എന്നിവർ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. നിയമസഭാ സമിതിയിൽ ലഭിക്കുന്ന ഹർജികളും സമിതിയുടെ ശിപാർശകളും അർഹമായ പരിഗണന നൽകി സമയബന്ധിതമായി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ആയതിനാൽ സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്ന സീറ്റുകൾ യാതൊരു കാരണവശാലും ഒഴിച്ചിടരുതെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

7. വനം-വന്യജീവി വകുപ്പുമായി തർക്കത്തിലുള്ള കൃഷി ഭൂമിയിൽ വൻകിട തോട്ടം ഉടമകൾ ഒഴികെയുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് ഹ്രസ്വകാല കാർഷിക വിളകൾ കൃഷി ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് അവസരം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. സ്വന്തം വീടുകളിലേക്ക് പോകാൻ വഴിയില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് മൂന്ന് ചുവട് വഴി എന്നത് കാലോചിതമായി പരിഷ്കരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വീടുകളിലേക്ക് വഴിയില്ലാത്തവർക്ക് മൂന്ന് ചുവട് എന്നതിന് പകരം 1 മീറ്റർ വീതിയിൽ വഴി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. സർവ്വീസിലിരിക്കെ ജീവനക്കാർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്ക് അവർ സർവ്വീസിൽ നിന്നും വിരമിച്ചാൽ സർവ്വീസ് ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സർവ്വീസിൽ നിന്നും വിരമിച്ചാലും സർവ്വീസിലിരിക്കെ ജീവനക്കാർ ചെയ്യുന്ന ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ KSR Part III റൂൾ 59 ഭേദഗതി ചെയ്ത് അടിയന്തരമായി SRO പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. ജില്ലാ/താലൂക്ക്/പഞ്ചായത്ത് തലത്തിൽ പരിഹരിക്കുവാൻ കഴിയുന്ന പല നിസ്സാര പ്രശ്നങ്ങളും സമിതിയുടെ മുൻപിൽ പരാതിയായി എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സർക്കാർ ജീവനക്കാർക്ക് പൊതുജനങ്ങളോടുള്ള സമീപനത്തിൽ ഗുണപരമായ മാറ്റം അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. സർക്കാർ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനെക്കുറിച്ച് സർക്കാർതലത്തിൽ ആലോചിക്കേണ്ടതാണ്. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമവും ജനോപകാരപ്രദമായും പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## അദ്ധ്യായം II

## സമിതി ശിപാർശ/നിർദ്ദേശം നൽകിയ ഹർജികളുടെ വിവരം

### I. റവന്യൂ വകുപ്പ്

1. പട്ടയം ലഭിക്കുന്നതിനായി ശ്രീ. എ. സത്താർ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14222/ഹർജി സി1/2015/നി.സെ.)

കാസർഗോഡ് ജില്ലയിലെ മടിക്കൈ വില്ലേജിലെ എരിക്കളം എന്ന സ്ഥലത്ത് കഴിഞ്ഞ 60 വർഷമായി കൈവശം വച്ച് വരുന്ന 5 സെന്റ് സ്ഥലത്തിന് നാളിതുവരെയും പട്ടയം അനുവദിച്ചിട്ടില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജി വിഷയം പരിഗണിച്ച 31-10-2017-ലെ സമിതി യോഗം ഹർജിക്കാരന്റെ കൈവശത്തിലുള്ള 5 സെന്റ് വസ്തുവിൽ കടമുറി സ്ഥിതി ചെയ്യുന്ന 2 സെന്റ് ഒഴിവാക്കി ബാക്കിയുള്ള മൂന്ന് സെന്റ് വസ്തുവിന് മാർക്കറ്റ് വില ഈടാക്കി പട്ടയം നൽകുന്നതിന് സർക്കാരിനോട് ശിപാർശ ചെയ്തു.

2. കൈവശഭൂമി പോക്കുവരവു ചെയ്ത് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. എച്ച്. ഹുസൈൻ, കൊല്ലം സമർപ്പിച്ച ഹർജി-സംബന്ധിച്ച്

(ഫയൽ നമ്പർ 21245/ഹർജി സി1/2017/നി.സെ.)

മുപ്പത്തിയഞ്ച് വർഷമായി ഹർജിക്കാരന്റെ കൈവശത്തിലുള്ളതും ടിയാൻ വീട് വച്ച് താമസിക്കുന്നതുമായ മൂന്നര സെന്റ് സ്ഥലം പോക്കുവരവു ചെയ്തു ലഭിക്കുന്നതിനായി അന്നത്തെ റവന്യൂ വകുപ്പ മന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ റവന്യൂ വകുപ്പിൽ റവന്യൂ2/24938/2014-16 എന്ന നമ്പരിൽ ഫയൽ നിലവിലുണ്ടെന്നും ടിയാന്റെ കുടുംബപരമായ ചില കാരണങ്ങൾ നിമിത്തം പ്രസ്തുത അപേക്ഷ ശ്രദ്ധിക്കാൻ കഴിയാതെ പോയെന്നും നിരവധി ബാധ്യതകളുള്ള ഹർജിക്കാരന് ഭൂമി പോക്കുവരവ് ചെയ്ത് നൽകണമെന്നാണ് ഹർജിയിലെ ആവശ്യം. ഹർജി വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ, കൊല്ലം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പുനലൂർ താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ ആയൂർ മുറിയിൽ ചിറയ്ക്കരോട്ട് വീട്ടിൽ ശ്രീ. ഹുസൈൻ എന്ന കക്ഷിക്ക് ടിയാളുടെ കൈവശത്തിലുള്ള ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവ്വെ 134/8-ൽപ്പെട്ട 01.41 ആർ കളം പുറമ്പോക്ക് ഭൂമി പതിച്ച് നൽകണമെന്നതാണ് അപേക്ഷയിലെ ആവശ്യമെന്ന് കാണുന്നു.

ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 134/1-1-2 ൽ 62 ആർസ് പുരയിടം 6677 നമ്പർ തണ്ടപ്പേർ പ്രകാരം അപേക്ഷകന്റെ കൈവശത്തിലും കരം ഒടുക്കിലുമുള്ളതാണ്. ഈ സ്ഥലത്തിന്റെ കിഴക്കായും ശ്രീ. ഫിറോസ്ഖാൻ, ശ്രീ. സജിവുദ്ദീൻ എന്നിവരുടെ വസ്തുക്കൾക്ക് പടിഞ്ഞാറായും ശ്രീ. അബ്ദുൾ കലാമിന്റെ വസ്തുവിന് തെക്കായും വില്ലേജ് റിക്കാർഡുകൾ പ്രകാരം സർവ്വെ നമ്പർ 134/8-ൽ 7.20 ആർസ് വിസ്തീർണ്ണമുള്ള വസ്തു സർക്കാർ കുളം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി കുളത്തിന്റെ പടിഞ്ഞാറ് കരെ ഭാഗം വർഷങ്ങൾക്ക്മുമ്പ് തന്നെ നികത്തപ്പെട്ട് അപേക്ഷകന്റെ പതിവ് ഭൂമിയോട് ചേർത്ത് വീട് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്ന് കാണുന്നു. അപേക്ഷന്റെ കൈവശത്തിലിരിക്കുന്നതും വീട് നിർമ്മിക്കപ്പെട്ടിട്ടുള്ളതുമായ ടി കുളം പുറമ്പോക്കിന്റെ വിസ്തീർണ്ണം 1.41 ആർസ് ആണെന്നും കാണുന്നു. അപേക്ഷകനും കുടുംബവും മുപ്പത് വർഷത്തോളമായി ടി ഭൂമിയിൽ വീട് വച്ച് താമസിച്ച് വരുന്നു.

ടി കുളം പുറമ്പോക്കിൽ ശ്രീ. ഹുസൈന്റെ കൈവശത്തിലിരിക്കുന്ന സ്ഥലം ഒഴികെയുള്ളത് നാളത് ഉദ്ദേശം 6 മീറ്റർ താഴ്ചയുള്ള കുഴിയായി കാണുന്നു. ടി കുഴിയിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും കടകളിൽ നിന്നുള്ള മാലിന്യങ്ങളും നിക്ഷേപിക്കപ്പെട്ടിട്ടുള്ളതാണ്. ഈ കുഴിയിലേക്ക് ഒരു ഭാഗത്തുനിന്നും നീരൊഴുക്ക് ഇല്ലാത്തതും മഴക്കാലങ്ങളിൽ മാത്രം വെള്ളം കെട്ടിക്കിടന്ന് മാലിന്യങ്ങൾ അഴുകി മലിനപ്പെടുന്ന സാഹചര്യമാണുള്ളത്. അപേക്ഷകൻ താമസിച്ചുവരുന്ന വീട് നിൽക്കുന്നത് ടി കുളം പുറമ്പോക്കിലും പതിവിൽപ്പെട്ട ഭൂമിയിലുമാണ്. അപേക്ഷകൻ ഹൃദ്രോഗിയാണെന്നും ബൈപാസ് സർജറി നടത്തിയിട്ടുള്ള ആളാണെന്നും അറിയുന്നു.

ടി കുളം പുറമ്പോക്ക് ഉൾപ്പെട്ടുവരുന്ന 1.41 ആർസ് കൈവശസ്ഥലം ഒഴിവാക്കി ബാക്കി വരുന്ന 5.79 ആർസ് സ്ഥലം സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന താണ്. അപേക്ഷകന്റെ താമസ വീട് ഉൾപ്പെട്ടുവരുന്ന 1.41 ആർസ് സ്ഥലം സർക്കാർ കുളം പുറമ്പോക്കായി രേഖകളിൽ കാണുന്നതിനാൽ സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവുകൾ ഉണ്ടാകുന്നമുറയ്ക്ക് ഇനം മാറ്റം നടത്തി മാത്രമേ ടി കേസിൽ പതിവ് നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

ടി വിഷയം സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിനായി 22-3-2014, 22-11-2014 എന്നീ തീയതികളിൽ മേൽ നമ്പർ പ്രകാരം ഗവൺമെന്റിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള താണെന്നും അറിയിച്ചുകൊള്ളുന്നു."

ഹർജിക്കാരൻ പട്ടയം ആവശ്യപ്പെടുന്ന 3½ സെന്റ് സ്ഥലം കുളം പുറമ്പോക്ക് ആയതിനാൽ നിലവിലുള്ള ചട്ടപ്രകാരം ആയത് പതിച്ച് നൽകുവാൻ ബുദ്ധിമുട്ടുണ്ടെന്ന് സമിതിയുടെ 20-12-2017-ലെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർ അറിയിച്ചു.

ഹർജിക്കാരന് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ ഹർജിക്കാരന്റെ കൈവശമുള്ള 3½ സെന്റ് സ്ഥലത്തിന് പട്ടയം നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

3. വീട്ടുകളിലേക്ക് പോകുന്നതിന് വഴി സൗകര്യം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.എൻ. ഗണപതിപിള്ള, കൊല്ലം സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(ഫയൽ നമ്പർ 19858/ഹർജി സി2/2015/നി.സെ.)

സ്വന്തം വീട്ടുകളിലേക്ക് പോകുന്നതിന് വഴി സൗകര്യം ഇല്ലാതെ ബുദ്ധിമുട്ടുന്ന പൊതുജനങ്ങളുടെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി ബഹു. റവന്യൂ വകുപ്പുമന്ത്രി, മനുഷ്യാവകാശ കമ്മീഷൻ, ചീഫ് സെക്രട്ടറി എന്നിവർക്ക് പൊതുതാല്പര്യ ഹർജി സമർപ്പിച്ചുവെങ്കിലും ആയതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നും ആയതിനാൽ സമിതി ഇടപെട്ട് പൊതുജനങ്ങൾക്ക് വഴിസൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്. ഹർജി റിപ്പോർട്ടിനായി റവന്യൂ വകുപ്പിലേയ്ക്കയച്ചതിൽ റവന്യൂ (എഫ്) വകുപ്പ് 18-2-2017-ലെ 26667/എഫ്1/2016/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഹർജിയിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട പ്രകാരം ഹർജിക്കാരൻ മനുഷ്യാവകാശ കമ്മീഷനിൽ കൊടുത്ത പൊതുതാല്പര്യ ഹർജിയിൽ മുഖ്യമായും ഉന്നയിച്ചിട്ടുള്ള വിഷയം സ്വന്തം വീട്ടുകളിൽ പോകുന്നതിന് വഴിയില്ലാതെ ബുദ്ധിമുട്ടുന്ന ആളുകൾക്ക് വഴിയുണ്ടാക്കി കൊടുക്കുക എന്നതും പഴയ ആധാരങ്ങളിൽ കാണുന്ന മൂന്ന് ചുവട് വഴിയെന്നത് ഒന്നര മീറ്ററായി നിയമഭേദഗതി വരുത്തി ജനങ്ങളെ സഹായിക്കണമെന്നതുമാണ്. ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പരാതിക്കാരൻ സിവിൽ കോടതി മുഖേന പരിഹാരം കണ്ടെത്തേണ്ടതാണ് എന്ന വിവരം നിയമസഭാ സമിതിയെ അറിയിച്ചുകൊള്ളുന്നു."

റിപ്പോർട്ട വിവരം 2-3-2017-ൽ ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ പൊതുതാല്പര്യ ഹർജിയിന്മേൽ തീരുമാനമെടുക്കാൻ റവന്യൂ വകുപ്പിന് കഴിയില്ലെന്നും കുടുംബ വസ്തുക്കൾ ഭാഗം വയ്ക്കുമ്പോൾ പട്ടിക വസ്തുക്കളിലേക്കുള്ള വഴി സംബന്ധിച്ച നിയമഭേദഗതി ചെയ്യുവാൻ നിയമ വകുപ്പിനേ കഴിയുകയുള്ളുവെന്നും ആയതിനാൽ ഹർജി റിപ്പോർട്ടിനായി നിയമ വകുപ്പിന് അയച്ചുകൊടുക്കണമെന്നമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ റിപ്പോർട്ടും പ്രതികരണ ഹർജിയും പരിഗണിച്ച 7-6-2017-ലെ സമിതിയോഗം സ്വന്തം വീട്ടുകളിലേക്ക് പോകുന്നതിന് വഴിയില്ലാതെ ബുദ്ധിമുട്ടുന്ന ആളുകൾക്ക് മൂന്ന് ചുവട് വഴി എന്നത് കാലാനുസൃതമായി പരിഷ്കരിക്കേണ്ടത്

അനിവാര്യമാണെന്ന് വിലയിരുത്തുകയും ഒരു മീറ്റർ വഴി നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4. മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചതി നെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. ബാബു.പി., പാലക്കാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18605/ഹർജിസി2/2017/നി.സെ.)

മിശ്രവിവാഹിതരുടെ മകനായ ഹർജിക്കാരന്റെ പിതാവ് ലത്തീൻ കത്തോലിക്ക വിഭാഗത്തിലും മാതാവ് ഹിന്ദു നായർ സമുദായത്തിൽ ഉൾപ്പെട്ടവരും സംസ്ഥാന സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയവരും ആണെന്നും 24-4-1979-ലെ ജി.ഒ. (എം.എസ്) 806/79 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരൻ വർഷങ്ങളായി മിശ്രവിവാഹിതരുടെ മകൻ എന്ന സർട്ടിഫിക്കറ്റ് വാങ്ങിയിരുന്നതായും, എന്നാൽ 585/ബി3/2016/പി.സ.വി.വ. നമ്പർ സർക്കുലർ പ്രകാരം ഹർജിക്കാരൻ ലാറ്റിൻ കത്തോലിക്ക മതവിശ്വാസത്തിലാണ് ജീവിക്കുന്നതെന്ന രേഖകൾ ഹാജരാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതായും തുടർന്ന് പാലക്കാട് തഹസീൽദാർക്ക് നൽകിയ അപ്പീലിന്മേൽ മാതാപിതാക്കളുടെ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സഹോദരിമാരുടെ വിദ്യാഭ്യാസ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ആവശ്യപ്പെട്ടതായും, തുടർന്ന് ജില്ലാ കളക്ടറെ സമീപിച്ചതായും, പിതാവും പൂർവ്വികരും ലത്തീൻ കത്തോലിക്ക വിഭാഗക്കാരാണെന്ന രേഖകൾ ഹാജരാക്കിയെങ്കിലും ജാതി സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ലെന്നും, മുഖ്യമന്ത്രി ഉൾപ്പെടെ വിവിധ അധികാര സ്ഥാനങ്ങൾ വഴി നൽകിയ അപേക്ഷകൾക്ക് പരാതി പരിശോധിച്ച് പരാതിക്കാരന് നീതി ചെയ്യാനുള്ള നിർദ്ദേശങ്ങൾ നൽകിയെങ്കിലും ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന മറുപടി മാത്രമാണ് ലഭിക്കുന്നതെന്നും, ഇക്കാര്യത്തിൽ റവന്യൂ ഉദ്യോഗസ്ഥർ ഒരു തരത്തിലുമുള്ള അന്വേഷണവും നടത്തിയിട്ടില്ലായെന്നും ആയതിനാൽ ഹർജിക്കാരനും കുടുംബത്തിനും നീതി ലഭിക്കണമെന്നും തങ്ങൾക്ക് നീതി നിഷേധിക്കുന്ന ഉദ്യോഗസ്ഥരെ മാതൃകാപരമായ ശിക്ഷാനടപടികൾക്ക് വിധേയരാക്കണ മെന്നുമാണ് ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നത്.

ഹർജി വിഷയം 13-9-2017-ലെ സമിതിയോഗത്തിൽ സമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തുകയും ഹർജിയിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഹർജിക്കാരനിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

27-9-2017-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ഹർജി വിഷയം പരിഗണി ക്കുകയും പരാതി വിഷയം പരിഹരിക്കാത്തതിൽ അതൃപ്തി പ്രകടിപ്പിക്കുകയും

പരാതിക്കാരന് അനുകൂലമായി നടപടി സ്വീകരിച്ച് ഒരാഴ്ചയ്ക്കുള്ളിൽ സമിതിയെ അറിയിക്കുവാനും, ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് വ്യക്തമായ ഗവൺമെന്റ് ഉത്തരവ് ഉണ്ടായിട്ടും ആയത് കണക്കിലെടുക്കാതെ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസവാദം ഉന്നയിച്ച അന്നത്തെ പാലക്കാട് തഹസിൽദാരെ സമിതി ശക്തമായി താക്കീത് ചെയ്യുന്ന വിവരം അറിയിച്ച് റിപ്പോർട്ട് നൽകുവാനും നിർദ്ദേശിച്ചു

തുടർന്ന് 17-11-2017 തീയതിയായി റവന്യൂ (റ്റി) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ജാതി സർട്ടിഫിക്കറ്റ് നിഷേധിച്ചതിനെതിരെ ശ്രീ. ബാബു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WPC 1806/17 നമ്പർ കേസിലെ 16-8-2017-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ക്രിസ്ത്യൻ ലാറ്റിൻ കത്തോലിക്ക വിഭാഗത്തിൽപ്പെടുത്തി 9-10-2017-ൽ 987/17 നമ്പരായി യാക്കര വില്ലേജ് ഓഫീസർ നോൺ ക്രിമിലയർ സർട്ടിഫിക്കറ്റ് അനുവദിച്ചതായും 10-10-2017-ൽ ടിയാൻ സർട്ടിഫിക്കറ്റ് കൈപ്പറ്റിയതായും പാലക്കാട് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് അനാവശ്യ തടസവാദം ഉന്നയിച്ച ഉദ്യോഗസ്ഥനെ താക്കീത് ചെയ്ത് റിപ്പോർട്ട് നൽകണമെന്ന സമിതി നിർദ്ദേശം പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി തീരുമാന പ്രകാരം സ്വീകരിച്ച നടപടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

5. കൈവശ ഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ലീല, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 5276/ഹർജി സി3/2003/നി.സെ.)

കെ.ഡി.എച്ച്. വില്ലേജിൽ കുലി സെറ്റിൽമെന്റിൽ സർവ്വേ നമ്പർ 155/2-ൽ 22.330 സെന്റ് സ്ഥലവും, ഒരു വീടും ഹർജിക്കാരിയും കുടുംബവും 60 വർഷങ്ങളിൽ കൂടുതലായി കൈവശം വച്ചനുഭവിച്ചുപോകുന്നെന്നും 1996 വരെ കുത്തപ്പാട്ടം ഒടുക്കിയിട്ടുള്ള താണെന്നും 1996-ന് ശേഷം കുത്തകപ്പാട്ടം കെ.ഡി.എച്ച്. വില്ലേജിൽ സ്വീകരിച്ചിട്ടില്ലെന്നും പ്രസ്തുത സ്ഥലത്തിന് പട്ടയം ലഭിയ്ക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ട് നാളിതുവരെയും പട്ടയം ലഭിച്ചിട്ടില്ലെന്നും ഹർജിക്കാരിയുടെ സ്ഥലത്തിന് ചുറ്റുമുള്ള എല്ലാവരുടെയും സ്ഥലത്തിന് 1976 നും അതിനു മുമ്പും പട്ടയം ലഭിച്ചിട്ടുണ്ടെന്നും സമിതി ഇടപെട്ട് സഹായിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഇതു സംബന്ധിച്ച് 15-10-2004-ൽ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വേ നമ്പർ 155/2-ൽപ്പെട്ട 22.30 സെന്റ് സ്ഥലം അനധികൃതമായി കൈവശം വെച്ചതിന് അപേക്ഷകയായ ശ്രീമതി ലീലയുടെ മാതാവ് പരേതയായ ശ്രീമതി ജ്ഞാനമ്മാളുടെ പേരിൽ 1964-ൽ എൽ.സി. നമ്പർ 196/64-ാം നമ്പരായി എൽ.സി. കേസ് ബുക്ക് ചെയ്തിട്ടുള്ളതും 1995-96 കാലയളവുവരെ നിരോധന കരം വാങ്ങിയിട്ടുള്ളതുമാണ്. ടി സ്ഥലം കെ.ഡി.എച്ച്. (റിസംഷൻ ഓഫ് ലാന്റ്) ആക്ട് 1971-ന്റെ പരിധിയിൽ വരുന്ന കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട സ്ഥലമാണ്.

നിലവിലുള്ള കെ.ഡി.എച്ച്. ചട്ടങ്ങളിൽ സെക്ഷൻ 10 പ്രകാരം അസൈനബിൾ ലാന്റിന്റെ ലിസ്റ്റ് തയ്യാറാക്കി അതിൻ പ്രകാരം അപേക്ഷ ക്ഷണിച്ച് സെക്ഷൻ 7 പ്രകാരമുള്ള മുൻഗണനാക്രമത്തിൽ ഭൂമി പിരിവ് നടത്തണമെന്നാണ് അനുശാസിക്കുന്നത്. 1976-ൽ തയ്യാറാക്കിയ അസൈനബിൾ ലാന്റിന്റെ ലിസ്റ്റ് പ്രകാരം അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്ന 155/2 സർവ്വേ നമ്പരിലുള്ള സ്ഥലം കൂലി സെറ്റിൽമെന്റിൽ ഉൾപ്പെട്ടതായി കാണുന്നു. ടി കൂലി സെറ്റിൽമെന്റിൽ ഉൾപ്പെട്ട ചുറ്റുമുള്ള സ്ഥലങ്ങൾ നേരത്തെതന്നെ പതിച്ച് നൽകപ്പെട്ടിട്ടുള്ളതുമാണ്. സ്ഥലം പതിച്ച് കിട്ടുന്നതിനുള്ള അവസരങ്ങൾ അപേക്ഷക പ്രയോജനപ്പെടുത്താതെ പോയതുകൊണ്ടാണ് ഭൂമി പതിച്ച് കിട്ടാതെ പോയത്.

എന്നാൽ നിലവിലുള്ള കെ.ഡി.എച്ച്. നിയമങ്ങൾ അനുസരിച്ച് ഭൂമി പതിച്ച് നൽകാവുന്നതല്ല.

ഗവൺമെന്റ് റിപ്പോർട്ട് ഹർജിക്കാരിയെ അറിയിച്ചതിനെ തുടർന്ന് ലഭിച്ച മറുപടിയിൽ 1971 ലെ കെ.ഡി.എച്ച്. ആക്ട് പ്രകാരം കൈവശ ഭൂമി നിലനിർത്തുന്നതിനുള്ള അവസരങ്ങൾ ഹർജിക്കാരിയുടെ മാതാവിന്റെ അറിവില്ലായ്മകൊണ്ടാണ് ഉപയോഗപ്പെടുത്താതെ പോയതെന്നും എന്നിരുന്നാലും ടി ആക്ട് പ്രകാരവും 15-2-1977-ലെ ജി.ഒ. (പി) 253/77 ആർ.ഡി. നമ്പർ കെ.ഡി.എച്ച്. റിസർവ്വേഷൻ ആന്റ് അസൈൻമെന്റ് ഓഫ് വെസ്റ്റഡ് ലാന്റ്സ് റൂൾസും അനുസരിച്ച് 2001 ഡിസംബർ മാസംവരെ കെ.ഡി.എച്ച്. വില്ലേജിൽ പട്ടയം നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ ഹർജിക്കാരിക്കും പട്ടയം നൽകണമെന്നുമാണ് ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നത്. പ്രസ്തുത ഹർജിയും റിപ്പോർട്ട് ആവശ്യപ്പെട്ട് റവന്യൂ വകുപ്പിലേയ്ക്ക് അയച്ചുകൊടുത്തു.

പ്രതികരണ ഹർജിയിന്മേൽ റവന്യൂ വകുപ്പ് ലഭ്യമാക്കിയ 7-11-2007-ലെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ശ്രീമതി എൻ. ലീല കൈവശം വെച്ചിരിക്കുന്ന സ്ഥലം കെ.ഡി.എച്ച്. (റിസംപ്ഷൻ ഓഫ് ലാന്റ്സ്) ആക്ട് 1971-ന്റെ പരിധിയിൽ വരുന്നതും ടി സ്ഥലത്തിന് സമീപമുള്ള മറ്റ് കൈവശങ്ങൾക്ക് 1977-ൽ പട്ടയം നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഹർജിക്കാരി അന്ന് അപേക്ഷ നൽകാത്തതിനാൽ പട്ടയം ലഭിക്കാതെ വന്നിട്ടുള്ളതുമാണ്.

കെ.ഡി.എച്ച്. (റിസംപ്ഷൻ ഓഫ് ലാന്റ്സ്) ആക്ട്, 1971 പ്രകാരമുള്ള പതിവ് നടപടികളും പാട്ടങ്ങൾ പുതുക്കുന്നതിനുള്ള നടപടികളും 12-12-2005-ലെ WP(C) 32000/05-ലെ ഹൈക്കോടതി ഉത്തരവു പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. അതിനാൽ ഹർജിക്കാരിയുടെ അപേക്ഷ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല. കൂടാതെ ശ്രീമതി ലീല ഇതേ വിഷയം സംബന്ധിച്ച് ഫയൽ ചെയ്ത WP(C) 6177/06, ഹൈക്കോടതിയിൽ നിലവിൽ ഇരിക്കുന്നു. അതിനാൽ WP(C) 6177/06-ന്റെയും WP(C)32000/05-ന്റെയും വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് തീർപ്പ് കൽപ്പിക്കുവാൻ സാധിക്കുകയുള്ളൂ."

പ്രസ്തുത റിപ്പോർട്ടുകളിലെ വസ്തുതകൾ പരിഗണിച്ച 12-5-2010-ലെ സമിതി യോഗം, ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന രണ്ടു കേസ്സുകളിലേയും വിധി വന്നാൽ മാത്രമേ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂവെന്ന് അഭിപ്രായപ്പെടുകയും, ഹർജിയിൽ പരാമർശിച്ചിരിക്കുന്ന സ്ഥലം സന്ദർശിക്കുന്നതിനും (ഇടുക്കി, മൂന്നാർ, ദേവികുളം, കെ.ഡി.എച്ച്. വില്ലേജ്) ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിക്കുകയും പ്രസ്തുത വിവരം റവന്യൂ(ആർ) വകുപ്പിനെ അറിയിക്കുകയും ചെയ്തിരുന്നു.

എന്നാൽ, തന്റെ ഹർജിയിലെ ആവശ്യം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ലെന്നും, കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ 155/52-ൽ പ്പെട്ട 22.330 സെന്റ് സ്ഥലത്തിന് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 10-9-2012 തീയതി യായി വീണ്ടും ഹർജി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി ഫയൽ 22-11-2012-ലെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിച്ചിരുന്നു.

കെ.ഡി.എച്ച്. വില്ലേജിലെ ഭൂമി സംബന്ധിച്ച് നിരവധി കേസുകൾ ബഹു. ഹൈക്കോടതിയിലും, ബഹു. സുപ്രീം കോടതിയിലും നിലനിൽക്കുന്നുണ്ടെന്നും, 1964 എൽ.സി. കേസ് ബുക്ക് ചെയ്ത സാഹചര്യത്തിലും 24-1-1978-നു മുൻപ് കൈവശത്തിലുള്ളവർക്ക് പതിച്ചു നൽകുന്നതിന് നിയമം അനുവദിക്കുന്ന സാഹചര്യത്തിലും പ്രസ്തുത വിഷയം പരിശോധിച്ച് തീരുമാനമെടുക്കാമെന്ന് അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ സമിതി മുൻപാകെ ബോധിപ്പിച്ചു. പ്രസ്തുത വിഷയം സബ് ജുഡിസ് ആകുമോ എന്ന വസ്തുത വെരിഫൈ ചെയ്തിട്ട് തീരുമാനമെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത വിവരം റവന്യൂ(ആർ) വകുപ്പിനെ അറിയിച്ച് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

തുടർന്ന് ഹർജി വിഷയത്തിന്മേൽ റവന്യൂ(ആർ) വകുപ്പിൽ നിന്നും ലഭിച്ച 23-3-2015-ലെ 59664/ആർ3/12/റവ. നമ്പർ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീമതി എൻ. ലീല ഫയൽ ചെയ്ത WP(C) 6177/06 മേൽ 19-12-2012-ൽ പുറപ്പെടുവിച്ച വിധിയിലെ നിർദ്ദേശങ്ങളെ തുടർന്ന് ഹർജിക്കാരിയെ ഇടുക്കി ജില്ലാ കളക്ടർ നേരിൽ കേൾക്കുകയും അപേക്ഷ ചട്ടപ്രകാരം പരിഗണനാർഹമല്ലെന്ന്കണ്ട് നിരസിയ്ക്കുകയും ചെയ്തതായി അറിയിക്കുന്നു. കൂടാതെ ഇടുക്കി ജില്ലാ കളക്ടർ അപേക്ഷ നിരസിച്ചതിനെ തുടർന്ന് ശ്രീമതി എൻ. ലീല KDH (Reservation and Assignment of Vested Land) Rules 1977 Section 22 പ്രകാരം സർക്കാരിൽ സൂചന 3 പ്രകാരം അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. അപ്പീൽ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കി വിവരം സമിതിയെ അറിയിക്കുന്നതാണ്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 23-6-2015-ലെ സമിതി യോഗം ഇടക്കാല റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയുടെ തുടർനടപടിയുടെ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും റവന്യൂ വകുപ്പിന്റെ തെളിവെടുപ്പ് യോഗത്തിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

ഹർജി വിഷയത്തിന്മേൽ റവന്യൂ വകുപ്പ് 2-11-2016 തീയതിയായി ലഭ്യമാക്കിയ അന്തിമ റിപ്പോർട്ട് ഇപ്രകാരമായിരുന്നു:

"ശ്രീമതി എൻ. ലീല, ഇടുക്കി ജില്ലയിൽ കെ.ഡി.എച്ച്. വില്ലേജിൽ സർവ്വെ നമ്പർ 155/2-ൽപ്പെട്ട 22.330 സെന്റ് സ്ഥലത്തിന് പട്ടയം ലഭിക്കുന്നത് സംബന്ധിച്ച് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 6177/06 നമ്പർ ഹർജിയിലെ ബഹു.ഹൈക്കോടതിയുടെ 19-12-2012-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ കളക്ടർ ഹർജിക്കാരിയെ നേരിൽ കേൾക്കുകയും 28-1-2015-ലെ നമ്പർ സി2/7534/04 നടപടിക്രമ പ്രകാരം ഹർജിക്കാരിയുടെ മേൽ ആവശ്യം നിരസിക്കുകയും ചെയ്തു. തുടർന്ന് KDH (Reservation and Assignment of Vested Land) Rules 1977, Section 22 പ്രകാരം ഹർജിക്കാരി സർക്കാരിൽ അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയും, 14-5-2015-ൽ റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറി ഹർജിക്കാരിയെ നേരിൽ കേൾക്കുകയും ചെയ്തു.

"1977-ലെ KDH (Reservation and Assignment of Vested Land) Rules-ലെ ചട്ടം 6 പ്രകാരം 10 സെന്റിൽ കൂടുതൽ ഉടമസ്ഥാവകാശമുള്ളതും 3000 രൂപയിൽ കൂടുതൽ വാർഷിക കുടുംബ വരുമാനമുള്ളതുമായ വ്യക്തികൾക്ക് ഭൂമി പതിച്ച നൽകാൻ കഴിയില്ല. ഹർജിക്കാരിയായ ശ്രീമതി എൻ. ലീലയുടെ വാർഷിക കുടുംബ വരുമാനം 10,000 രൂപയാണ്. ആയതിനാൽ 1977-ലെ KDH (Reservation and Assignment of Vested Land) Rules ലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം ഹർജിക്കാരിക്ക് ഭൂമി പതിച്ച നൽകാൻ കഴിയില്ല."

പ്രസ്തുത റിപ്പോർട്ട് വിവരം അറിയിച്ചതിന് ഹർജിക്കാരിയുടെ സഹോദര പുത്രനായ ശ്രീ.പി.ശ്രീധർ ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ ഇപ്രകാരം പറയുന്നു:

ഹർജിക്കാരിയായ എൻ. ലീല 20-2-2017-ൽ മരണപ്പെട്ടതായും പട്ടയം ലഭിക്കേണ്ടതായ വസ്തുവിന്റെ കൈവശാവകാശം 13-8-2016-ൽ നോട്ടറി മുമ്പാകെ സാക്ഷ്യപ്പെടുത്തിയ വിൽപ്പത്രപ്രകാരം ഹർജിക്കാരന്റെ പേരിൽ എഴുതി നൽകിയിരിക്കുകയാണെന്നും അറിയിച്ചിരിക്കുന്നു. പ്രതികരണ ഹർജിയോടൊപ്പം എൻ.ലീലയുടെ മരണ സർട്ടിഫിക്കറ്റ്, വിൽപ്പത്രത്തിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിട്ടുണ്ട്.

പ്രതികരണ ഹർജിയുടെ രത്നച്ചുരുക്കം ഇനിപ്പറയും പ്രകാരമാണ്:

പട്ടയം ലഭിക്കേണ്ടുന്ന സ്ഥലം 1964-ലെ കെ.എൽ.എ. റൂൾ പ്രകാരം 196/64-ാം നമ്പരായി എൽ.സി. ബുക്ക് ചെയ്ത് എൻ. ലീലയുടെ മാതാവും ഹർജിക്കാരന്റെ മുത്തശ്ശിയുമായ ജ്ഞാനമ്മാളുടെ പേരിൽ 1995-96 വരെ നിരോധന കരം കെ.ഡി.എച്ച്. വില്ലേജോഫിസിൽ അടച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലം കെ.ഡി.എച്ച്. വില്ലേജിലെ 155/2 സർവ്വെ നമ്പരിൽ ഉൾപ്പെട്ടതാണ്. ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമി കെ.ഡി.എച്ച്. ആക്ട് പ്രകാരം സർക്കാരിലേയ്ക്ക് vest ചെയ്തിട്ടില്ല. കെ.ഡി.എച്ച്. ആക്ട് പ്രകാരം സർക്കാരിലേയ്ക്ക് vest ചെയ്യപ്പെട്ട ഭൂമിക്ക് മാത്രമേ റിപ്പോർട്ടിൽ പറയുന്നതുപോലെ 10 സെന്റിൽ കൂടുതൽ ഉടമസ്ഥാവകാശമുള്ള ഭൂമി 3000 രൂപയിൽ കൂടുതൽ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് പതിച്ച് നൽകുവാൻ കഴിയില്ല എന്ന നിബന്ധന ബാധകമാകുന്നുള്ളൂ. കൂടാതെ 155/2 സർവ്വേ നമ്പരിൽപ്പെട്ട ഭൂമി 1977 മുതൽ 1982 വരെയുള്ള കാലയളവിൽ വിവിധ വ്യക്തികൾക്ക് (17 പ്ലോട്ടുകൾ) പതിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ഹർജി വിഷയത്തിൽ നീതിയുക്തമായ തീരുമാനമുണ്ടാകണമെന്ന് അപേക്ഷിച്ചിരിന്നു.

ഹർജിക്കാരന്റെ പ്രതികരണ ഹർജിയും സർക്കാർ റിപ്പോർട്ടുകളും പരിഗണിച്ച 13-9-2017-ലെ സമിതിയോഗം യഥാസമയം അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടാണ് ഹർജിക്കാർക്ക് പട്ടയം ലഭിക്കാതെ പോയതെങ്കിൽ അക്കാര്യത്തിൽ മാപ്പപേക്ഷ വാങ്ങി ഭൂമി റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചു. ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

## II. റവന്യൂ, വനം

1. കൈവശ ഭൂമി തിരിച്ചു ലഭിക്കുന്നതിനായി ശ്രീ. കെ. സി. പുരുഷോത്തമൻ, തൊണ്ടർനാട്, വയനാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 9744/ഹർജി സി2/2007/നി.സെ.)

പട്ടികജാതിയിൽപ്പെട്ട ഹർജിക്കാരന്റെ കൈവശഭൂമിയായ മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് വില്ലേജിൽ റീസർവ്വേ 19-ൽപ്പെട്ട 5 ഏക്കർ സ്ഥലത്തുണ്ടാ യിരുന്ന കൃഷിയും, വീടും അടിയന്തരാവസ്ഥയുടെ മറവിൽ നശിപ്പിച്ച് തരിശു ഭൂമിയാക്കി നിക്ഷിപ്ത വനഭൂമിയാക്കി സംരക്ഷിക്കുന്നുവെന്നും ആയതിനാൽ തൊഴിലില്ലാത്ത പട്ടിണിയായി ജീവിക്കുന്ന കുടുംബത്തിന്റെ കൈവശഭൂമി തിരിച്ചു നൽകണം എന്നാണ് 1-2-2007 തീയതിയായുള്ള ഹർജിയിലൂടെ ആവശ്യപ്പെട്ടിരുന്നത്.

ഹർജികൾ സംബന്ധിച്ച സമിതി 12-2-1999-ന് വയനാട് കളക്ടേറ്റിൽ നടത്തിയ തെളിവെടുപ്പിൽ ഹർജിക്കാരനെ നേരിൽ കേൾക്കുകയും എത്രയും പെട്ടെന്ന് ഫോറസ്റ്റ് ട്രൈബ്യൂണലിനെ സമീപിക്കുവാൻ നിർദ്ദേശിക്കുകയും ഫയൽ നടപടികൾ അവസാനി പ്പിക്കുകയും ചെയ്തതിനെത്തുടർന്ന് കോടതി നടപടിയും അതിന്റെ ചെലവുകളും, തൊഴിലില്ലാത്ത ഹർജിക്കാരന് ബുദ്ധിമുട്ടാണെന്നും അതിനാൽ ഭൂമി തിരികെ ലഭിക്കുന്നതിന് നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടാണ് പ്രസ്തുത പുനർ ഹർജി സമർപ്പിച്ചിരിക്കുന്നത്.

സമിതി നിർദ്ദേശാനുസരണം വനം വന്യജീവി വകുപ്പിൽ നിന്നും 21-5-2009-ൽ ലഭ്യമാക്കിയ ഗവൺമെന്റ് റിപ്പോർട്ട് അറിയിച്ചതിനെത്തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച പ്രതികരണ ഹർജിയിൽ 1963 മുതൽ മറുപാട്ട വ്യവസ്ഥയിൽ 5 ഏക്കർ ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്തുവരികയായിരുന്നുവെന്നും, യാതൊരുവിധ മുടക്കവും കൂടാതെ നികുതി അടച്ചിരുന്നുവെന്നും, എന്നാൽ മക്കിയാട് ഫോറസ്റ്റ് സ്റ്റേഷൻ പ്രസ്തുത ഭൂമി യാതൊരു മുന്നറിയിപ്പും കൂടാതെ പിടിച്ചെടുത്തെന്നും, ആയതിനാൽ നഷ്ടപ്പെട്ട കൈവശഭൂമി തിരിച്ചുലഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട ഹർജിക്കാരന്റെ ആവശ്യം നിരാകരിച്ചുകൊണ്ട് 18-3-2014-ൽ വനം വന്യജീവി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി നിർദ്ദേശാനുസരണം ഹർജിക്കാരനെ അറിയിച്ചു.

തുടർന്ന് 29-8-2014-ന് ഹർജിക്കാരൻ സമിതിക്ക് പുനർഹർജി സമർപ്പിക്കുക യുണ്ടായി.

മേൽ പുനർഹർജി 23-12-2014-ലെ സമിതിയോഗം പരിഗണിക്കുകയും, ഹർജി വിഷയത്തിൽ ഫോറസ്റ്റ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻ പ്രകാരം 10-2-2016 തീയതിയായി വനം വന്യജീവി (ഇ) വകുപ്പും 27-6-2016-ൽ റവന്യൂ വകുപ്പും റിപ്പോർട്ടുകൾ ലഭ്യമാക്കിയിരുന്നു. ഹർജിയിന്മേൽ ഇതിനു മുമ്പും ലഭ്യമാക്കിയ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് റവന്യൂ വകുപ്പിലെ 27-6-2016 തീയതിയായുള്ള റിപ്പോർട്ട്. സമാന വിവരങ്ങൾ ഉൾപ്പെടുത്തിയാണ് വനം വന്യജീവി വകുപ്പും റിപ്പോർട്ട് ലഭ്യമാക്കിയിരുന്നത്. റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"പരാമർശ ഭൂമി 1971-ൽ Kerala Private Forests (Vesting and Assignment) Act നിലവിൽ വന്നത് മുതൽ, ആയതിന് മുമ്പ് Madras Preservation of Private Forest Act പ്രകാരം സ്വകാര്യ വ്യക്തികൾ കൈവശം വച്ചുവരുന്ന എല്ലാ സ്വകാര്യ വനങ്ങളും (Vesting & Assignment) Act പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതാണ്. ആയതിൻ പ്രകാരം തൊണ്ടർനാട് വില്ലേജിലെ റീസർവ്വെ നമ്പർ 19-ലെ 16.36 ഹെക്ടർ സ്ഥലവും സർക്കാരിലേയ്ക്ക് സ്വമേധയാ നിക്ഷിപ്തമാക്കപ്പെട്ടിരുന്നു. സർവ്വെ ഡിമാർക്കേഷൻ പൂർത്തീകരിച്ച് 8-7-1977-ൽ 4713/77 നമ്പരായി (Vesting & Assignment) Act പ്രകാരം ബഹു. വെസ്റ്റഡ് ഫോറസ്റ്റ് കസ്റ്റോഡിയൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുണ്ടായി. 1971 മുതൽ സർക്കാർ ഉടമസ്ഥതയിൽ സംരക്ഷിച്ചുവരുന്ന വെസ്റ്റഡ് ഫോറസ്റ്റിന്റെ ഭാഗമായിട്ടുള്ള 5 ഏക്കർ ഭൂമിയിലാണ് കക്ഷി അവകാശം ഉന്നയിക്കുന്നത്. മേൽ പറഞ്ഞവ സംബന്ധിച്ച് ശ്രീ. കെ. സി. പുരുഷോത്തമൻ എന്നയാൾ ബഹു. മുഖ്യമന്ത്രിക്കും, വനംവകുപ്പ് മന്ത്രിയ്ക്കും അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയെ സംബന്ധിച്ച് മേൽ വിവരങ്ങൾ ഉൾപ്പെടുത്തി പരാതിയ്ക്ക് മറുപടി സമർപ്പിച്ചതിനെ തുടർന്ന് പ്രസ്തുത പരാതികൾ തീർപ്പാക്കപ്പെട്ടിട്ടുള്ളതാണ്. വീണ്ടും കക്ഷി വനം വന്യജീവി വകുപ്പ്, ഹർജികൾ സംബന്ധിച്ച സമിതി എന്നിവ മുമ്പാകെ പല പ്രാവശ്യം പരാതി നൽകിയിട്ടുള്ളതും ആയതിൽ ബഹു. ഫോറസ്റ്റ് ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണെന്ന് പ്രസ്താവിച്ചു കൊണ്ട് തീർപ്പാക്കിയിട്ടുള്ളതുമാണ്. പരാതിക്കാരൻ ബഹു. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി മുമ്പാകെ ഇതേ വിഷയം ഉന്നയിച്ച് പരാതി നൽകുകയും മതിയായ രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ തള്ളിക്കളയുകയാണുണ്ടായതെന്നും ശ്രീ. കെ. സി. പുരുഷോത്തമൻ എന്നയാൾ ഹർജികൾ സംബന്ധിച്ച സമിതി(2006-2008) മുമ്പാകെ പരാതി സമർപ്പിക്കുകയും ആയത് മേൽ പറഞ്ഞ കാരണങ്ങളാൽ 2007-ൽ തീർപ്പാക്കപ്പെടുകയും ചെയ്തിരുന്നു.

പ്രസ്തുത ഭൂമിയെ സംബന്ധിച്ച് അപേക്ഷകനും വനം വകുപ്പും തമ്മിൽ ഒ.എ.-20/2010 നമ്പർ പ്രകാരം കോഴിക്കോട് ഫോറസ്റ്റ് ട്രൈബ്യൂണൽ മുമ്പാകെ കേസ് നിലവിലുണ്ടായിരുന്നതും കേസ് കക്ഷിക്ക് അനുകൂലമായി വിധി വന്നിട്ടുള്ളതുമാണ്. മേൽ പറഞ്ഞ ഭൂമിയിന്മേൽ ടിയാൻ ഉന്നയിക്കുന്ന അവകാശ വാദത്തിന് അടിസ്ഥാനമായി ടിയാൻ ഹാജരാക്കിയിട്ടുള്ളത് 1963 ആഗസ്റ്റ് 30-ന് തയ്യാറാക്കി എന്നു പറയുന്ന പാട്ടക്കരാറിന്റെ പകർപ്പാണ്. മേൽ പറഞ്ഞ വിധിക്കെതിരെ MFA 128/2014 നമ്പറായി ബഹു. ഹൈക്കോടതിയിൽ വനം വകുപ്പ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. ടി വിഷയം സംബന്ധിച്ച് ബഹു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) 26-1-2012 തീയതിയിലെ പ്രൊ(8)4977/208 നമ്പർ കത്ത് പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ ഹർജികൾ സംബന്ധിച്ച സമിതി പരിശോധിച്ചെന്നും ആയതിൻ പ്രകാരം കക്ഷിയെ നേരിൽ കേട്ട്

രേഖകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, കക്ഷിയെ ബന്ധപ്പെട്ട രേഖകൾ സഹിതം നോട്ടീസ് നൽകുകയും ഈ നോട്ടീസിന്റെ അടിസ്ഥാനത്തിൽ ടിയാൻ 1963 ആഗസ്റ്റ് 30-ന് തയ്യാറാക്കി എന്നു പറയുന്ന പാട്ടക്കരാറിന്റെ ഒരു ഫോട്ടോകോപ്പിയും നികുതി രസീതുകളും ഹാജരാക്കിയെന്നും ആയത് പരിശോധിച്ചതിൽ നിന്നും ഇത് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പ്രമാണമല്ലെന്നും ആയതിലെ പ്രസക്തമായതും കരാർ വ്യക്തമാക്കുന്നതുമായ ആദ്യത്തെ രണ്ട് വരികൾ കൂട്ടി ചേർത്തതാണെന്നും ടി പാട്ടക്കരാർ അപേക്ഷകനായ ശ്രീ. കെ. സി. പുരുഷോത്തമൻ പേർക്കുള്ളതാണെന്നും ടിയാൻ ഹാജരാക്കിയ പാട്ടക്കരാർ പരിശോധിച്ചതിൽ മറുപാട്ടക്കരാർ തയ്യാറാക്കപ്പെട്ടിട്ടുള്ളത് 1963-ലാണ് എന്നും ടി കരാറിൽ ടി കക്ഷിക്ക് 20 വയസ്സ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നും, ഇലക്ഷൻ ഐഡി കാർഡ് പ്രകാരം കക്ഷിക്ക് 1963-ൽ മറുപാട്ടക്കരാറിൽ ഏർപ്പെട്ടപ്പോൾ 11 വയസ് മാത്രമേ പ്രായം ഉണ്ടാവുകയുള്ളൂ എന്നും 1963-ൽ ടിയാന് 20 വയസ്സല്ല എന്നും ആയതിനാൽ മേൽ മറുപാട്ടക്കരാർ വ്യാജമാണെന്നും വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷണൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അവകാശം ഉന്നയിക്കുന്ന 5 ഏക്കർ ഭൂമി സർക്കാർ നിക്ഷിപ്ത വനഭൂമിയായി നോട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ള 16.36 ഹെക്ടർ സ്ഥലത്തിന്റെ ഭാഗമാണ്. ടി നിക്ഷിപ്ത വനം പൂർണ്ണമായും 1971 മുതൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സ്ഥലമാണ്. ജണ്ടകെട്ടി വേർതിരിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലുള്ളതാണ്. അപേക്ഷകന് ഭൂമി അനുവദിച്ച് നികുതി സ്വീകരിക്കുന്നതിന് ബഹു. ഹൈക്കോടതി വിധി വന്നതിനുശേഷമേ തുടർ നടപടികൾ സ്വീകരിക്കാൻ നിർവാഹമുള്ളൂ എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു."

7-9-2016-ൽ ചേർന്ന സമിതിയോഗം റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ചതിനെത്തുടർന്ന് ലഭ്യമാക്കിയ പുനഃഹർജി ചുവടെ ചേർക്കുന്നു:

ഹർജിക്കാരൻ റവന്യൂ വകുപ്പിന്റെ റിപ്പോർട്ടിൽ അസന്തുഷ്ടി രേഖപ്പെടുത്തുന്നുവെന്നും 1957 മുതൽ കരം അടച്ച് കൈവശം വച്ച് പോരുന്ന ഭൂമിയാണെന്നും നികുതി ഒടുക്കാതെ ആയിരക്കണക്കിന് ഏക്കർ ഭൂമി പലരും കൈവശം വച്ചിരിക്കുകയാണെന്നും തന്റെ പ്രായം സംബന്ധിച്ച തെളിവിനും കുടുംബത്തിനും വേണ്ടി ഹർജിക്കാരന്റെ തൊഴിൽ ദാതാവ് കോടതിയിൽ വരാൻ തയ്യാറാണെന്നും, കൃഷിയല്ലാതെ മറ്റ് ഉപജീവന മാർഗ്ഗങ്ങളില്ലെന്നും, വീടും ഭൂമിയും ജപ്തിയുടെ വക്കിലാണെന്നും 1997 വരെയുള്ള കൈവശഭൂമിക്ക് പട്ടയം

നൽകണമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുള്ളതാണെന്നും, തൊണ്ടർനാട് വില്ലേജിലെ നിക്ഷിപ്തഭൂമി എന്ന് സർക്കാർ അവകാശപ്പെടുന്ന സ്ഥലത്തിന്റെ ഭൂരിഭാഗവും രേഖാപരമായി സ്വകാര്യ വ്യക്തികളുടെ കയ്യിലാണെന്നും ഹർജിക്കാരന്റെ കൈവശഭൂമിയുടെ നാലുഭാഗത്തുമുള്ള കൈവശക്കാരുടെ വിവരങ്ങൾ ഹർജിയോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, വനം രക്ഷിക്കാൻ കൃഷിക്കാരനേ കഴിയൂ എന്നതിനാൽ തന്റെ കൈവശഭൂമിക്ക് വനം വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കാൻ നിയമസഭാ സമിതി ഇടപെടണമെന്നും ഹർജിയിൽ അപേക്ഷിച്ചിരിക്കുന്നു.

16-2-2017-വയനാട് ജില്ലാ കളക്ടറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഹർജി വിഷയം സമിതി പരിഗണിക്കുകയും ഫോറസ്റ്റ് ട്രിബ്യൂണൽ വിധി ക്കെതിരെ വനം വകുപ്പ് അപ്പീൽ ഫയൽ ചെയ്തുകൊണ്ടാണ് ഹർജിക്കാരന് സ്ഥലം വിട്ടുകൊടുക്കാത്തതെന്ന് വിലയിരുത്തിയ സമിതി ഹൈക്കോടതിയിൽ നിന്നും സ്റ്റേ ലഭിക്കുന്നില്ലെങ്കിൽ ഫോറസ്റ്റ് ട്രിബ്യൂണൽ വിധി രണ്ടാഴ്ചയ്ക്കകം നടപ്പാക്കണമെന്ന് വന വകുപ്പുദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകുകയും ഇക്കാര്യം പരിശോധിക്കുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

എന്നാൽ 15-3-2017 തീയതിയായി ലഭ്യമാക്കിയ തുടർഹർജിയിൽ നാലു ഭാഗത്തുമുള്ളവർക്ക് ഭൂമി അളന്നുനൽകിയിട്ടും കോടതിയിൽ പോയി എന്ന കാരണത്താൽ ഹർജിക്കാരന് ഭൂമി വിട്ടുനൽകുന്നില്ലെന്നും, പട്ടികജാതിക്കാരനും നിരാലംബനും നിസ്സഹായനുമായ ഹർജിക്കാരന് ഇനി കേസുമായി മുന്നോട്ടുപോകാനുള്ള ശേഷിയില്ലെന്നും, ആയതിനാൽ വനം വകുപ്പിന്റെ തടസ്സവാദ പീഢനങ്ങളിൽ നിന്ന് ഒഴിവാക്കി കൈവശ ഭൂമി അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

16-2-2017-ലെ സമിതി നിർദ്ദേശത്തിന്മേൽ വനം-വന്യജീവി, റവന്യൂ എന്നീ വകുപ്പുകൾ ഇതുവരേയും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. വയനാട് ജില്ലാ കളക്ടർ 12-5-2017 തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് വില്ലേജിൽ റി.സ. നമ്പർ 19-ൽപ്പെട്ട നിക്ഷിപ്ത വനത്തിൽപ്പെട്ട 5 ഏക്കർ സ്ഥലം തന്റേതാണെന്ന വാദമുയർത്തി ശ്രീ. കെ. സി. പുരുഷോത്തമൻ, കളത്തൂർ വീട്, മട്ടിലയം, തൊണ്ടർനാട് എന്നയാൾ ബഹു. ഫോറസ്റ്റ് ട്രൈബ്യൂണലിൽ നൽകിയിരുന്ന ഹർജി ടിയാന് അനുകൂലമായി തീർപ്പാക്കിയിരുന്നു. എങ്കിലും, ആയതിനെതിരെ മേൽക്കോടതിയിൽ (ഹൈക്കോടതിയിൽ) അപ്പീൽ ഫയൽ ചെയ്തിട്ടുള്ള വിവരവും ആയത് ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന വിവരവും ബഹു. നിയമസഭാ കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

എന്നിരുന്നാലും കീഴ്ക്കോടതിയുടെ വിധി നടപ്പാക്കാതെയിരിക്കണമെങ്കിൽ ടി വിധിക്കെതിരെ മേൽക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങണമെന്നും ആയത്

രണ്ടാഴ്ചക്കളളിൽ നേടണമെന്നും അല്ലാത്തപക്ഷം ഭൂമി വിട്ടുകൊടുക്കണമെന്നും ബഹു. കമ്മിറ്റി അഭിപ്രായപ്പെടുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയിലെ ഗവ. പ്ലീഡറെ മാനന്തവാടി റെയിഞ്ചാഫീസർ മുഖേന നേരിട്ട് കാണുകയും, പ്രസ്തുത സ്റ്റേ വാങ്ങുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയും ഉണ്ടായി.

നിക്ഷിപ്ത വനനിയമം പ്രകാരം നിക്ഷിപ്ത വനഭൂമിയിന്മേലുള്ള അവകാശതർക്കം പരിഹരിക്കുന്നതിനുള്ള അധികാരം നിയമവിധേയമായി രൂപീകരിക്കപ്പെട്ടിട്ടുള്ള ട്രിബ്യൂണലിൽ നിക്ഷിപ്തമാണ്. കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസൈൻമെന്റ്) ആക്ട് 1971, സെക്ഷൻ 13 പ്രകാരം മേൽ വിഷയത്തിൽ ഇടപെടുവാനുള്ള മറ്റ് സിവിൽ കോടതികളുടെ അധികാരം തടഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന നിക്ഷിപ്ത വനഭൂമിയിന്മേലുള്ള അവകാശ തർക്കം സംബന്ധിച്ച കേസിൽ ഇടപെടുന്നത് മറ്റ് കോടതികളുടെയോ നിയമ സംവിധാനങ്ങളുടെയോ അധികാര പരിധിയിൽ വരുന്ന വിഷയമല്ല എന്ന് ബഹു. നിയമസഭാ കമ്മിറ്റി മുമ്പാകെ ബോധിപ്പിക്കുവാൻ ഗവൺമെന്റ് പ്ലീഡർ നിർദ്ദേശിക്കുകയുണ്ടായി.

കൂടാതെ നിക്ഷിപ്ത വനഭൂമി സംബന്ധിച്ച തർക്കവുമായി ബന്ധപ്പെട്ട് നിയമ വിധേയമായി, ബന്ധപ്പെട്ട കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിയമം അനുശാസിക്കുന്ന മാർഗ്ഗങ്ങളും അവലംബിക്കുവാൻ മാത്രമേ വനം വകുപ്പിന് നിർവ്വാഹമുള്ളൂ എന്നും നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ബോധിപ്പിക്കുന്നു. പ്രസ്തുത വിവരങ്ങൾ അറിവിലേയ്ക്കായും തുടർ നടപടികൾക്കായും സമർപ്പിക്കുന്നു."

തുടർന്ന് 20-6-2017-ൽ ഹർജി വിഷയത്തിന്മേൽ സമിതി തെളിവെടുപ്പ് നടത്തുകയും ഫോറസ്റ്റ് ട്രൈബ്യൂണലിൽ നിന്നും ഹർജിക്കാരന് അനുകൂലമായി വിധി ലഭിക്കുകയും പ്രസ്തുത വിധിക്കെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് നിലവില്ലാതിരി ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്ത് വിളവെടുക്കുവാൻ ഹർജിക്കാരനെ അനുവദിക്കണമെന്ന് വനം വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

## III. റവന്യൂ, ധനകാര്യം

1. ക്രമവിരുദ്ധ പോക്കുവരവ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഫെലിക്സ് സ്റ്റാൻലി, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ19404/ഹർജി സി2/2010/നി.സെ.)

ചവറ തെക്കുംഭാഗം പഞ്ചായത്തിലെ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചേർന്ന് ജനകീയാസൂത്രണ പദ്ധതികളും വാർഷിക പദ്ധതികളും അട്ടിമറിച്ച് ക്രമക്കേടുകൾ വരുത്തി അഴിമതി നടത്തുന്നതും അധികാരം ദുർവിനിയോഗം ചെയ്ത് പദ്ധതികൾ റദ്ദ് ചെയ്യുന്നതിനും,

പദ്ധതി ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യങ്ങൾ തിരിച്ചുപിടിക്കുന്നതിനുമെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാന് പരാതി നൽകുകയും ആയതിനുമേൽ ടി പഞ്ചായത്ത് സെക്രട്ടറിയെ വിളിച്ചുവരുത്തി കോടതി താക്കീത് ചെയ്തിട്ടുള്ളതുമാണെന്നും സമിതി ഇടപെട്ട് ക്രമക്കേട് നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജി, 12-1-2011-ലെ സമിതി യോഗം പരിഗണിക്കുകയും ഓംബുഡ്സ്മാന്റെ തീരുമാനം വരുന്നതുവരെ ഹർജി പെന്റിംഗിൽ വയ്ക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. സമിതിയുടെ തീരുമാനത്തോടൊപ്പം ഹർജിക്കാരൻ 16-12-2010-ന് സമർപ്പിച്ച തെക്കുഭാഗം വില്ലേജ് ഉദ്യോഗസ്ഥരും കരുനാഗപ്പള്ളി തഹസീൽദാരും റീ സർവ്വെ ഉദ്യോഗസ്ഥരും ഗുരുതരമായ ക്രമക്കേടും അഴിമതിയും നടത്തിയെന്നുള്ള ഹർജി 6-4-2013-ൽ തദ്ദേശസ്വയംഭരണ വകുപ്പിന് അയച്ചുകൊടുത്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് വിഷയം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതാണെന്നും ഫയൽ റവന്യൂ വകുപ്പിന് കൈമാറിയതായും അറിയിച്ചിരുന്നു. എന്നാൽ ഹർജിയോടൊപ്പം ഹാജരാക്കിയിരുന്ന രേഖകളിൽ നിന്നും ക്രമവിരുദ്ധ പോക്കുവരവ് റദ്ദാക്കണമെന്നും അതിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമായിരുന്നു ഹർജിക്കാരന്റെ ആവശ്യം എന്നു വ്യക്തമാകുന്നു. തുടർന്ന് റവന്യൂ വകുപ്പ് 5-11-2013-ൽ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ &വിജിലൻസ് വിഭാഗം സീനിയർ സൂപ്രണ്ട് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ക്രമവിരുദ്ധമായ പോക്കുവരവുകൾക്ക് കാരണക്കാരായ വില്ലേജ് ജീവനക്കാരും താലൂക്ക് ഓഫീസിലെ ജീവനക്കാരും സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ അവർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊള്ളേണ്ട എന്ന് ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതാണെന്നും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായി എന്നതിൽ കവിഞ്ഞ് മറ്റ് വീഴ്ചകൾ ഒന്നും ഉണ്ടായിട്ടില്ലെന്നും ടി പോക്കുവരവ് റദ്ദ് ചെയ്ത് ആർ.ഡി.ഒ. ഉത്തരവായിട്ടുള്ളതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആർ.ഡി.ഒ. ടി കേസ് വിശദമായി പരിശോധിച്ച് തീരുമാനം എടുക്കുന്നതിന് കരുനാഗപ്പള്ളി തഹസീൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചുകൊള്ളുന്നു."

1-10-2014-ലെ സമിതിയോഗം റവന്യൂ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിച്ച് അന്തിമ മറുപടി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തു. റിപ്പോർട്ട് വിവരം അറിയിച്ചതിനെത്തുടർന്ന് ലഭ്യമാക്കിയ പ്രതികരണ ഹർജികളിൽ കുറ്റക്കാർക്കെതിരെ തുടർനടപടികൾ സ്വീകരിക്കാതെ ആസൂത്രിതമായി അഴിമതികൾ മൂടിവയ്ക്കാൻ ശ്രമം നടത്തുന്നതായും, ആയതിനാൽ സമിതി ഇടപെട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി മാതൃകാ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും പരാതി പരിഹരിക്കണെമെന്നും അപേക്ഷിച്ചിരിക്കുന്നു.

ഹർജി വിഷയത്തിന്മേൽ അന്തിമ റിപ്പോർട്ട് ലഭിക്കാത്തിനെത്തുടർന്ന് സമിതി 20-6-2017-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി.

വകുപ്പുദ്യോഗസ്ഥരുടെ ക്രമവിരുദ്ധമായ നടപടികൾ കാരണം ബുദ്ധിമുട്ടനുഭവിക്കുന്നതായി പരാതിപ്പെട്ടുകൊണ്ടുള്ള പല ഹർജികളിലും അതിന് കാരണക്കാരായ ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചാൽ KSR Part III റൂൾ 59 പ്രകാരം അവർക്കെതിരെ നടപടികളൊന്നും സ്വീകരിക്കുവാൻ നിലവിൽ വ്യവസ്ഥയില്ലെന്ന് തെളിവെടുപ്പ് യോഗത്തിൽ വകുപ്പുദ്യോഗസ്ഥർ സമിതിയെ ബോധിപ്പിക്കുകയുണ്ടായി. സർവ്വീസിൽ നിന്നും വിരമിച്ച എന്ന കാരണത്താൽ സർവ്വീസിലിരിക്കെ ഉദ്യോഗസ്ഥർ കൈക്കൊണ്ട ക്രമവിരുദ്ധവും നിയമവിരുദ്ധവുമായ പ്രവൃത്തികൾക്കെതിരെ ചട്ടപ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കാനാകില്ല എന്നത് നിയമവ്യവസ്ഥയിലെ ഒരു പോരായ്മയാണെന്ന് സമിതി വിലയിരുത്തുകയും ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ച കഴിഞ്ഞാലും സർവ്വീസിലിരിക്കെ നിയമവിരുദ്ധമായും ക്രമവിരുദ്ധമായും അവർ ചെയ്ത പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുതകുന്ന തരത്തിൽ KSR Part III റൂൾ 59-ൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവരോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ആയതിൻ പ്രകാരം ധനകാര്യ (പെൻഷൻ-ബി) വകുപ്പ് 26-8-2017 തീയതിയായി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ച് കഴിഞ്ഞാലും സർവ്വീസിലിരിക്കെ നിയമവിരുദ്ധമായും ക്രമവിരുദ്ധമായും അവർ ചെയ്ത പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുതകുന്ന തരത്തിൽ KSR Part III റൂൾ 59-ൽ ഭേദഗതി വരുത്തണമെന്ന് ബഹു. ഹർജികൾ സംബന്ധിച്ച സമിതി (2016-19)യുടെ ശിപാർശ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സ.ഉ.(സാധാ.) നമ്പർ 5506/2017/ ധന. തീയതി 8-7-2017 ഉത്തരവ് പ്രകാരം കെ.എസ്.ആർ. ഭാഗം 3-ലെ ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് 8-7-2017 തീയതി പ്രാബല്യത്തിൽ ഒരു സമിതി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിരിക്കുകയാണ്. ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ച് കഴിഞ്ഞാലും സർവ്വീസിലിരിക്കെ നിയമവിരുദ്ധമായും ക്രമവിരുദ്ധമായും അവർ ചെയ്ത പ്രവർത്തികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനുതകുന്ന തരത്തിൽ കെ.എസ്.ആർ. പാർട്ട് 3 റൂൾ 59-ൽ ഭേദഗതി വരുത്തണമെന്ന ബഹു. ഹർജികൾ സംബന്ധിച്ച സമിതി ശിപാർശയും കെ.എസ്.ആർ. ഭാഗം 3-ന്റെ സമഗ്ര പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിക്കുന്നതും മറുപടി നൽകുന്നതാണെന്നും അറിയിക്കുന്നു.

പ്രസ്തുത മറുപടി പരിഗണിച്ച് 5-12-2017-ലെ സമിതിയോഗം KSR പാർട്ട് III റൂൾ 59 ഭേദഗതി ചെയ്ത് അടിയന്തരമായി എസ്.ആർ.ഒ. പുറപ്പെടുവിക്കുവാൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുകയുണ്ടായി.

അദ്ധ്യായം III

## സമിതിയുടെ ഇടപെടൽമൂലം പരിഹരിച്ച ഹർജികളുടെ വിശദവിവരം

### I. റവന്യൂ വകുപ്പ്

1. താമസ സ്ഥലത്തിന് പട്ടയം അനുവദിച്ച് ലഭിക്കുന്നതിനായി ശ്രീ. കൃഷ്ണപ്പ പൂജാരി മുതൽപേർ കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 13060/ഹർജി സി3/2008/നി.സെ.)

കാസർഗോഡ് ജില്ലയിലെ വോർക്കാടി വില്ലേജിൽപ്പെട്ട ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന ഹർജിക്കാർക്ക് റീസർവ്വെ നമ്പർ 109/1-ൽപ്പെട്ട 4 സെന്റ് സ്ഥലം വീതം വോർക്കാടി ഗ്രാമപഞ്ചായത്ത് 20 വർഷം മുമ്പ് അനുവദിച്ചതായും പ്രസ്തുത സ്ഥലത്ത് വീട് വെച്ച് താമസിക്കുന്ന അവർക്ക് പഞ്ചായത്ത് വീട്ടുനമ്പർ നൽകിയിട്ടുള്ളതായും എന്നാൽ പട്ടയം ലഭിച്ചില്ലെന്നും ആയതിനാൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമായിരുന്നു 10-6-2008 തീയതിയിൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം.

ഹർജി വിഷയത്തിന്മേൽ റവന്യൂ (എൽ) വകുപ്പിൽ നിന്നും 14-8-2009 തീയതിയായി ലഭിച്ച റിപ്പോർട്ടിൽ ഹർജിക്കാർ പട്ടയം ആവശ്യപ്പെടുന്ന ഭൂമി വോർക്കാടി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ കെ.എൽ.എ. റൂൾ പ്രകാരം പതിച്ച് നൽകുവാൻ നിർവ്വാഹമില്ലെന്നറിയിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 9-2-2010-ലെ സമിതിയോഗം ഹർജികൾ സംബന്ധിച്ച സമിതി (2006-08)യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 13,14,15 ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ സമ്മതത്തോടെ പുനർനിക്ഷിപ്തമാക്കി പതിച്ച് നൽകുവാൻ സാധിക്കുമോയെന്ന് റവന്യൂ വകുപ്പിനോട് ആരായുവാൻ തീരുമാനിക്കുകയുണ്ടായി.

ഇതുസംബന്ധിച്ച റിപ്പോർട്ട് ലഭിക്കാത്തതിനെത്തുടർന്ന് 13-3-2013-ൽ കാസർഗോഡ് ചേർന്ന തെളിവെടുപ്പുയോഗം ഹർജി വിഷയം വീണ്ടും പരിഗണിക്കുകയും പട്ടയം ആവശ്യപ്പെടുന്ന ഭൂമി ഗ്രാമപഞ്ചായത്തിന്റേതാകയാൽ പ്രസ്തുത വിഷയം ഒരിക്കൽക്കൂടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് 3-10-2017 തീയതിയായി റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ വോർക്കാടി വില്ലേജിൽ ഹർജിക്കാരനുൾപ്പെടെ ലക്ഷംവീട് കോളനിയിലെ 24 നിവാസികൾക്ക് 0.04 ഏക്കർ ഭൂമി വീതം പതിച്ച് നൽകി 8-6-2017 തീയതിയിൽ

പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. സർക്കാർ റിപ്പോർട്ട് 31-10-2017-ൽ കാസർഗോഡ് ചേർന്ന തെളിവെടുപ്പുയോഗം പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

2. താമസിച്ചുകൊണ്ടിരിക്കുന്ന ഭൂമി പതിച്ചുനൽകണമെന്നാവശ്യപ്പെട്ട് ശ്രീ ശിവമയ്യ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 13600/ഹർജി സി3/2006/ലെജി.)

കാസർഗോഡ് ജില്ലയിൽ കൊഡ്‌ലമൊഗരു വില്ലേജിൽ റീസർവ്വെ നമ്പർ 114/3 എ പാർട്ടിലെ ഭൂമിയിൽ 14 വർഷമായി താമസിച്ചുവരുന്ന ഹർജിക്കാരൻ ടി ഭൂമി പതിച്ചു ലഭിക്കാൻ കാസർഗോഡ് തഹസിൽദാർക്ക് പരാതി നൽകുകയുണ്ടായെന്നും ആയതിൻ പ്രകാരം ടി സ്ഥലം കോഡ്‌ലമഗരു വില്ലേജ് ആഫീസർ പരിശോധിക്കുകയും പതിച്ചു നൽകുവാനുള്ള നിർദ്ദേശം നൽകുകയുണ്ടായെങ്കിലും നാളിതുവരെ അതുമായി ബന്ധപ്പെട്ട് യാതൊരു നടപടികളും ഉണ്ടായിട്ടില്ലെന്നും, താമസഭൂമി പതിച്ചു നൽകുവാൻ ഉള്ള നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകണമെന്നതുമാണ് ഹർജിയിലെ ആവശ്യം.

പ്രസ്തുത വിഷയം സംബന്ധിച്ച് റിപ്പോർട്ട് ലഭിക്കാത്തതിനെത്തുടർന്ന് 13-6-2008-ൽ കാസർഗോഡ് കളക്ടറേറ്റിൽ ചേർന്ന സമിതി യോഗം ടി ഫയൽ പരിഗണിക്കുകയുണ്ടായി. ആയതിൻപ്രകാരം റവന്യൂ (എൽ) വകുപ്പിൽ നിന്നും 3-2-2011 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശിവമയ്യക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ചുള്ള 19/93 ഫയൽ കണ്ട് കിട്ടിയിട്ടില്ലെന്നും കൊഡ്‌ലമഗരു വില്ലേജിലെ റീ.സ. നമ്പർ 114/3 എ പാർട്ടിൽപ്പെട്ട 13 സെന്റ് ഭൂമി പതിച്ച് നൽകുന്നതിനായി പുതിയ നിർദ്ദേശം സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കാസർഗോഡ് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്." തുടർന്ന് 13-3-2013-ൽ കാസർഗോഡ് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ തെളിവെടുപ്പ് യോഗം ചേരുകയും ഹർജിക്കാരന് ഭൂമി പതിച്ച് നൽകുന്നതിനുള്ള പ്രോപ്പോസൽ നൽകുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

സമിതി നിർദ്ദേശത്തെത്തുടർന്ന് 2-11-2017 തീയതിയായി റവന്യൂ (എൽ) വകുപ്പ് നൽകിയ റിപ്പോർട്ടിൽ മഞ്ചേശ്വരം താലൂക്കിലെ കൊഡ്‌ലമൊഗരു വില്ലേജ് റീസർവ്വേ നമ്പർ 114/3 ബി1 എ 2 എ 1 എ-പ്പെട്ട 0.10 ഏക്കർ ഭൂമി ഹർജിക്കാരനായ ശിവമയ്യ മരണപ്പെട്ടതിനാൽ ടിയാളുടെ ഭാര്യ ശ്രീമതി ലീലയ്ക്ക് പതിച്ച് നൽകുന്നതിനായി 22-3-2017 തീയതിയിൽ ഡിസ്റിസർവ്വേഷൻ ഉത്തരവാകുകയും മഞ്ചേശ്വരം തഹസിൽദാർ

ഇതിന്മേൽ നടപടികൾ പൂർത്തീകരിച്ച് 13-6-2017-ൽ കക്ഷിക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിഗണിച്ച 31-10-2017-ലെ സമിതി തെളിവെടുപ്പ് യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

3. താമസ സ്ഥലത്തിന് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പൂവപ്പ പൂജാരി സമർപ്പിച്ച ഹർജി .

(ഫയൽ നമ്പർ 13846/ഹർജി സി3/2006/നി.സെ.)

കാസർഗോഡ് ജില്ലയിൽ കൊഡ്‌ലമൊഗരു വില്ലേജിലെ വോർക്കാടി പഞ്ചായത്തിൽ റീസർവ്വെ നമ്പർ 106-ലെ 0.25 ഏക്കർ സ്ഥലത്ത് 8 വർഷത്തിലേറെയായി വീട് വെച്ച് താമസിക്കുന്നുവെന്നും പ്രസ്തുത സ്ഥലത്തിന് പട്ടയം അനുവദിക്കണമെന്നുമായിരുന്നു ശ്രീ. പൂവപ്പ പൂജാരി 27-11-2006-ൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം. ഹർജിയിന്മേൽ 13-6-2008, 13-3-2013 എന്നീ തീയതികളിൽ കാസർഗോഡ് വെച്ച് തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത വിഷയം അടുത്ത എൽ.എ. കമ്മിറ്റിയിൽ പരിഗണിക്കാമെന്ന് 13-3-2013-ലെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിക്ക് ഉറപ്പു നൽകുകയുണ്ടായി. തുടർന്ന് റവന്യൂ (എൽ) വകുപ്പിൽ നിന്നും ലഭിച്ച 26-10-2017-ലെ റിപ്പോർട്ടിൽ ശ്രീ. പൂവപ്പ പൂജാരിക്ക് മഞ്ചേശ്വരം താലൂക്കിലെ കൊഡ്‌ലമൊഗരു വില്ലേജിലെ റീസർവ്വേ നമ്പർ 106/8-ൽപ്പെട്ട 0.10 ഏക്കർ ഭൂമിക്ക് 13-6-2017-ൽ പട്ടയം നൽകിയതായി അറിയിച്ചിട്ടുണ്ട്. ഹർജി വിഷയം പരിഗണിച്ച 31-10-2017-ലെ തെളിവെടുപ്പ് യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

4. പട്ടയം ലഭിക്കുന്നതിനുവേണ്ടി ശ്രീമതി ചന്ദ്രാവതി, W/o അണ്ണയ്യ ആചാര്യ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14460/ഹർജി സി3/2014/നി.സെ.)

കാസർഗോഡ് താലൂക്കിലെ നെട്ടണിഗെ വില്ലേജിൽപ്പെട്ട 49 സെന്റ് സ്ഥലത്തിന് ഹർജിക്കാരിയുടെയും ഭർത്താവ് അണ്ണയ്യ ആചാര്യയുടെയും പേരിൽ ലാന്റ് അസൈൻമെന്റ് പ്രൊപ്പോസൽ തയ്യാറാക്കി വില്ലേജ് ഓഫീസിൽ നിന്നും തഹസീൽദാർക്ക് അയക്കുകയും തുടർന്ന് ആർ.ഡി.ഒ. ശിപാർശ ചെയ്ത് കളക്ടർക്ക് അയച്ചുവെങ്കിലും 15 സെന്റ് സ്ഥലം മാത്രം നിലവിലുള്ള നിയമപ്രകാരം കൊടുക്കാവൂ എന്ന് പറഞ്ഞ് കളക്ടർ ഫയൽ തിരികെ അയച്ചുവെന്നും തുടർന്ന് കളക്ടറുടെ നിർദ്ദേശപ്രകാരം ടി സർവ്വെ നമ്പരിലുള്ള 15 സെന്റ് സ്ഥലം പതിച്ച് നൽകുന്നതിനായി കാസർഗോഡ് തഹസിൽദാർക്ക് നെട്ടണിഗെ വില്ലേജിൽ നിന്നും റിവൈസ്ഡ് പ്രൊപ്പോസൽ നൽകിയെങ്കിലും നാളിതുവരെയും നടപടിയുണ്ടായില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ഹർജി റിപ്പോർട്ടിനായി 26-8-2014 തീയതിയായി റവന്യൂ(എൽ) വകുപ്പിന് അയച്ചു

ഹർജി വിഷയത്തിന്മേൽ 25-10-2017 തീയതിയായി റവന്യു (എൽ) വകപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ ശ്രീമതി ചന്ദ്രാവതി, (W/o അണ്ണയ്യ ആചാര്യ, മുഡസരിഗെ, നെട്ടണിഗെ വില്ലേജ്) പേരിൽ എൽ.എ. 11/08/നെട്ടണിഗെ നമ്പർ പ്രകാരം പട്ടയം അനുവദിച്ചതായി അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 31-10-2017-ലെ തെളിവെടുപ്പ് യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

5. പട്ടയത്തിൽ വിട്ടുപോയ സബ്ഡിവിഷൻ ചേർത്തുകിട്ടുന്നതിനായി ശ്രീ. പുഷ്പഹാസ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 21060/ഹർജി സി1/2016/നി.സെ.)

കാസർഗോഡ് താലൂക്കിലെ കാറഡുക്ക വില്ലേജിൽ 24-8-1985-ലെ 1951/85 ആധാരനമ്പർ പ്രകാരം 1.47 ഏക്കർ സ്ഥലം ഹർജിക്കാരന്റെ പിതാവ് വിലയ്ക്ക് വാങ്ങിയെന്നും 2012 വരെ മുഴുവൻ സ്ഥലത്തിനും കരം ഒടുക്കിയതാണെന്നും, എന്നാൽ അതിനുശേഷം 40 സെന്റ് സ്ഥലം പട്ടയത്തിൽ ചേർത്തിട്ടില്ല എന്ന കാരണത്താൽ വില്ലേജോഫീസിൽ കരം സ്വീകരിക്കുന്നില്ലെന്നും, പട്ടയത്തിൽ ചേർക്കാൻ വിട്ടുപോയ സ്ഥലത്തിന്റെ നമ്പർ ചേർക്കുവാനായി ഹർജിക്കാരൻ തഹസീൽദാർക്ക് പരാതി നൽകിയെങ്കിലും പരിഹാരമായില്ലെന്നും, ആയതിനാൽ സമിതി ഇടപെട്ട് പരാതിക്ക് പരിഹാരം കാണണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജി പരിഗണിച്ച 31-10-2017-ലെ സമിതിയോഗത്തിൽ ഇതിന്മേലുള്ള പരാതി പരിഹരിച്ചതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചതിനെത്തുടർന്ന് റിപ്പോർട്ട് ലഭ്യമായതിനുശേഷം ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു

6. കൈവശഭൂമിയ്ക്ക് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മാധവൻ നായർ, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 20427/ഹർജി സി1/2013/നി.സെ.)

ഹോസ്ദുർഗ് താലൂക്കിലെ പനയാൽ വില്ലേജിൽ റീസർവ്വെ നമ്പർ 384/2-ൽപ്പെട്ട 9 സെന്റ് സ്ഥലത്ത് താമസിച്ച വരുന്ന ഹർജിക്കാരന് പ്രസ്തുത സ്ഥലത്തിന് നാളിതുവരെയും പട്ടയം ലഭിച്ചിട്ടില്ലെന്നും, കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് അനുവദിച്ച വീട് നിർമ്മിക്കുവാൻ സാധിച്ചില്ലെന്നും ആയതിനാൽ സമിതി ഇടപെട്ട് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജി പരിഗണിച്ച 31-10-2017-ലെ സമിതിയോഗത്തിൽ ഹർജി വിഷയത്തിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്തിന് പട്ടയം നൽകിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ

അറിയിച്ചതിനെത്തുടർന്ന് ഇതിന്മേലുള്ള റിപ്പോർട്ട് ലഭിച്ചതിനുശേഷം ഫയൽ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു

7. പട്ടയം ലഭിക്കുന്നതിനായി ശ്രീ. എ. മൊഹമ്മദ്, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14235/ഹർജി സി1/2006/നി.സെ.)

ഹർജിക്കാരന് 1991-ൽ കാസർഗോഡ് സ്പെഷ്യൽ തഹസിൽദാർ 0.14 ഏക്കർ ഭൂമി അസൈൻ ചെയ്തു കൊടുത്തുവെന്നും, എന്നാൽ നാളിതുവരെയും പ്രസ്തുത ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 5-2-2007 തീയതിയായി റവന്യൂ വകുപ്പിലേക്കയച്ചിരുന്നു. 13-6-2008-ന് കാസർഗോഡ് നടന്ന തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം സംബന്ധിച്ച് എൽ.എ. കമ്മിറ്റിയാണ് തീരുമാനം എടുക്കേണ്ടതെന്ന് കാസർഗോഡ് ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു തുടർന്ന് 17-9-2008-ൽ റവന്യൂ(എൽ) വകുപ്പിൽ നിന്നും ലഭിച്ച ഇടക്കാല റിപ്പോർട്ടിൽ ഹർജിക്കാരന്റെ പേരിലുള്ള ഭൂമി പതിവ് നിർദ്ദേശം വോർക്കാടി വില്ലേജാഫീസർ സമർപ്പിച്ചിട്ടുണ്ടെന്നും അടുത്ത എൽ. എ. കമ്മിറ്റിയിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു എന്നാൽ ഇതു സംബന്ധിച്ച് നടപടി-യുണ്ടാകാത്തതിനെത്തുടർന്ന് 13-3-2013-ൽ കാസർഗോഡ് ജില്ലയിൽ ചേർന്ന തെളിവെടുപ്പ് യോഗം ഹർജി വിഷയം പരിഗണിക്കുകയും ഹർജിയിൽ പരാമർശിച്ചി രിക്കുന്ന ഭൂമി എസ്.സി./എസ്.റ്റി. വിഭാഗത്തിന് വേണ്ടി മാറ്റി വച്ച ഭൂമിയായതിനാൽ ഹർജിക്കാരന് നൽകാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. തുടർന്ന് 31-10-2017-ലെ സമിതി യോഗത്തിൽ ഹർജി വിഷയം പരിഗണിക്കുകയും ഹർജിയിൽ പരാമർശിച്ചി രിക്കുന്ന സ്ഥലത്തിന് പട്ടയം ലഭ്യമാക്കിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചതിനെ തുടർന്ന് ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

8. പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി രഞ്ജിനി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15077/ഹർജി സി1/2008/നി.സെ.)

കാസർഗോഡ് ജില്ലയിലെ കോയിപ്പാടി വില്ലേജിലെ റീസർവ്വേ നമ്പർ 84/Pt.-ൽ ഉൾപ്പെടുന്ന വസ്തുവിന് പട്ടയം ലഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഹർജിയിലെ ആവശ്യം.

ഹർജി വിഷയം സംബന്ധിച്ച് 24-8-2009-ന് റവന്യൂ(എൽ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടിൽ പ്രസ്തുത സ്ഥലം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് സ്ഥലം ആയതിനാൽ പതിച്ചു നൽകാൻ നിർവ്വാഹമില്ല എന്ന് അറിയിച്ചിരുന്നു. 19-5-2010-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും പഞ്ചായത്തിന്റെ സമ്മതത്തോടെ പതിച്ചു നൽകുവാൻ സാധിക്കുമോയെന്ന് ആരായാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 13-3-2013-ൽ കാസർഗോഡ് ജില്ലയിൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ഹർജി വിഷയം പരിഗണിക്കുകയും ഹർജിയിന്മേൽ തുടർനടപടി സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

1-11-2013 തീയതിയായി റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച ഇടക്കാല മറുപടിയിൽ ഹർജിക്കാരിക്ക് പതിച്ചു നൽകുന്നതിനായി ആവശ്യപ്പെട്ടിരുന്ന ഭൂമി പഞ്ചായത്തിൽ നിക്ഷിപ്തമായിരുന്നുവെന്നും ആയത് 20-5-2013-ലെ എസ്.ആർ.ഒ. നമ്പർ 434/12 വിജ്ഞാപന പ്രകാരം പുനർ നിക്ഷിപ്തമാക്കിയിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിലുള്ള പതിവ് നിർദ്ദേശം ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും അറിയിച്ചിരുന്നു. തുടർന്ന് ഹർജി വിഷയം പരിഗണിച്ച 31-10-2017-ലെ സമിതിയോഗത്തിൽ ഹർജിയിൽ പരാമർശിച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭ്യമാക്കിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചതിനെ തുടർന്ന് ഇതിന്മേലുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം ഫയൽ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു

9. റീസർവ്വേ രേഖകളിലെ പിശക് പരിഹരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുശീയമ്മ, എസ്. സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 22264/ഹർജി സി 3/2014/നി.സെ.)

ഹർജിക്കാരിയുടെ പിതാവിൽ നിന്നും ഭാഗയുടമ്പടി പ്രകാരം ലഭിച്ചതും മാവേലിക്കര താലൂക്കിലെ തെക്കേക്കര വില്ലേജിൽ സർവ്വേ നമ്പർ 14/17/6, 14/17/3-ൽ കൈവശം വച്ച് കരമടച്ച് വന്നിരുന്നതുമായ (10¼ സെന്റ്) ഭൂമിയിൽ 2½ സെന്റ്, റീസർവ്വെ നടപടികളിലെ പിശക്മൂലം മറ്റൊരാളുടെ പേരിലായിയെന്നും ആയത് പരിഹരിക്കുന്നതിലേക്ക് അപേക്ഷ സമർപ്പിക്കുകയും ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിലേക്കായി രേഖകൾ കൈമാറുകയും ചെയ്തുവെങ്കിലും നാളിതുവരെ യാതൊരു തുടർനടപടിയുമുണ്ടായിട്ടില്ലെന്നും ഈ സാഹചര്യത്തിൽ സമിതി ഇടപെട്ട് പരിഹാരമുണ്ടാക്കി നൽകണം എന്നാവശ്യപ്പെട്ടാണ് ഹർജി സമർപ്പിച്ചിരിക്കുന്നത്.

ഹർജിയിന്മേൽ റവന്യൂ(ഇ) വകുപ്പിൽ നിന്നും 28-3-2016 തീയതിയായി ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"മാവേലിക്കര താലൂക്കിലെ തെക്കേക്കര വില്ലേജിൽ ബ്ലോക്ക് 10-ൽ റീസർവ്വെ 14/16, 17-ൽപ്പെട്ട വസ്തു സബ് ഡിവിഷൻ പോക്കുവരവു ചെയ്യുന്നതിന് റിക്കാർഡുകളിലെ അപാകതകൾ മാവേലിക്കര അഡീഷണൽ തഹസിൽദാരുടെ 7-1-2016-ലെ C5/LRM/ 681/2011-ാം നമ്പർ നടപടിക്രമംമൂലം പരിഹരിച്ച് വില്ലേജാഫീസിലേക്ക് നൽകുകയും അതിൻപ്രകാരം വില്ലേജ് റിക്കാർഡുകളിൽ മാറ്റം വരുത്തി 18932-ാം നമ്പറായി തണ്ടപ്പേർ പിടിച്ച് 33732/104-ാം നമ്പർ കരം രസീത് നൽകി ടിയാളുടെ പരാതി പരിഹരിച്ചിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 11-1-2017-ലെ സമിതി യോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

10. പുരയിടത്തിന്റെ മതിൽ നിർമ്മിക്കുന്നതിനു സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. നൗഷാദിനുവേണ്ടി പിതാവ് ശ്രീ. താഹകോയ, കൊല്ലം സമർപ്പിച്ച ഹർജി സംബന്ധിച്ച്

(ഫയൽ നമ്പർ 12303/ഹർജി സി3/2013/നി.സെ.)

കൊല്ലം ജില്ലയിൽ മയ്യനാട് വില്ലേജിൽ റീ.സ.നമ്പർ 10721-ൽ ഹർജിക്കാരന്റെ മകന്റെ പേരിലുള്ള 18 സെന്റ് വസ്തുവിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് എതിർകക്ഷി അനുവദിക്കുന്നില്ലായെന്നും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സംഘർഷ സ്ഥിതി നിലനിൽക്കുന്നുവെന്നും 13-12-2012-ൽ ഇരവിപുരം പോലീസിൽ പരാതി നൽകിയെന്നും വസ്തു അളന്നു കിട്ടുന്നതിനായി വില്ലേജിലും താലൂക്കിലും ജില്ലാ കളക്ടർക്കും പരാതി നൽകിയെങ്കിലും ആയതിലും തീരുമാനമൊന്നുമായില്ലെന്നും തന്നെയും മകനെയും കള്ളക്കേസിൽ കുടുക്കുവാൻ ശ്രമിക്കുന്നതായും തന്റെ കുടുംബത്തിന് സംരക്ഷണം നൽകണമെന്നും ഒപ്പം ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പോലീസ് സംരക്ഷണം നൽകണമെന്നുമാണ് ഹർജിയിൽ ആവശ്യപ്പെട്ടിരുന്നത്.

ഹർജിയിന്മേൽ റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച 25-11-2013-ലെ 26807/ഡി2/2013/ ആഭ്യന്തരം നമ്പർ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

പരാതിയിന്മേൽ ഇരവിപുരം സർക്കിൾ ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് കൊല്ലം ജില്ലാ പോലീസ് മേധാവി ലഭ്യമാക്കുകയുണ്ടായി. പരാതിക്കാരനായ ശ്രീ.താഹ കോയയുടെ മകൻ ശ്രീ. നൗഷാദിന്റെ പേർക്കുള്ള വസ്തുവിന്റെ മൂന്ന് അതിരിലും

സൈഡ് വാൾ കെട്ടിയിട്ടുണ്ടെങ്കിലും എതിർകക്ഷി ശ്രീ. അബ്ദുൾ സലാമിന്റെ വസ്തുവിനോട് ചേർന്നുള്ള അതിരിൽ മതിൽ കെട്ടുന്നത് എതിർകക്ഷി തടസ്സം പറയുകയും തർക്കമുള്ള ഭാഗം അളന്ന് തിരിച്ച ശേഷം മതിൽ കെട്ടാമെന്ന് ടിയാൻ സമ്മതിക്കുകയും ഇതിലേക്കായി ശ്രീ. അബ്ദുൽ സലാമിന്റെ ഭാര്യ കൊല്ലം താലൂക്ക് ഓഫീസിൽ അപേക്ഷ നൽകിയിട്ടുള്ളതായും ആയത് സംബന്ധിച്ച നടപടി സ്വീകരിച്ച് വരുന്നതായും അറിവായതായി അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പരാതി സിവിൽ സ്വഭാവമുള്ളതായതിനാലും റവന്യൂ അധികാരികൾ ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നതിനാലും സ്ഥലത്ത് ഇപ്പോൾ മറ്റ് ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലാത്തതിനാലും ഇതിലേക്ക് പോലീസിന്റെ ഭാഗത്തു നിന്നും നടപടികൾ ആവശ്യമില്ലായെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

തുടർന്ന് 10-6-2016 തീയതിയായി റവന്യൂ (എഫ്) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"എതിർകക്ഷിയായ ശ്രീ. അബ്ദുൽ സലാമിന്റെ ഭാര്യ ശ്രീമതി സുബൈദാ ബീവി വക പുരയിടമാണ് ഹർജികക്ഷിയുടെ ഭൂമിയോട് ചേർന്നു കിടക്കുന്നത്. മയ്യനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 26 റീ.സർവ്വെ നമ്പർ 106/17-13-ൽപ്പെട്ട വസ്തുവിന്റെ അതിർത്തി നിർണ്ണയത്തിനായി ശ്രീമതി സുബൈദാ ബീവി സമർപ്പിച്ച അപേക്ഷപ്രകാരം നിയമാനുസൃത നടപടികൾക്കുശേഷം ഹർജികക്ഷിയായ ശ്രീ. നൗഷാദ് ഉൾപ്പെടെയുള്ള അയൽവസ്തു ഉടമകൾക്ക് നോട്ടീസ് നൽകി 19-3-2016-ന് താലൂക്ക് സർവ്വെയർ സ്ഥലത്ത് ഹാജരായി റീസർവെ റിക്കാർഡുകൾ പ്രകാരം എതിർകക്ഷിയുടെയും സമ്മതത്തോടെ അതിർത്തി കല്ലുകൾ സ്ഥാപിച്ച് ഫയൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 17-11-2016-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

11. ഭൂമിയുടെ പോക്കുവരവ് നടത്താൻ ഒരു മാസത്തെ കാലതാമസം വരുത്തുന്ന സർക്കാർ നിർദ്ദേശം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. ജെ. ഫ്രാൻസിസ്, തൃശ്ശൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 1807l/ഹർജി സി2/2014/നി.സെ.)

ഭൂമിയുടെ പോക്കുവരവ് നടത്തുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 2-7-2011-ലെ സർക്കുലറിലെ 6-ാം മത്തെ നിർദ്ദേശമായി കൊടുത്തിരിക്കുന്ന ഒരു മാസത്തിനു ശേഷം മാത്രമേ പോക്കുവരവ് ചെയ്യുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ ഭൂമി പോക്ക് വരവ്

ചെയ്യുന്നതിന് അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതായതിനാൽ പ്രസ്തുത വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു ശ്രീ. പി. ജെ. ഫ്രാൻസിസ് ഹർജി സമർപ്പിച്ചിരുന്നത്.

ഹർജി വിഷയത്തിൽ റവന്യൂ (ഇ) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"1966-ലെ പോക്കുവരവ് ചട്ടത്തിന്റെ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നില്ല എന്നതിനാലാണ് ഇപ്രകാരം സർക്കുലർ പുറപ്പെടുവിച്ചതായി കാണുന്നത്. എന്നാൽ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷമുള്ള അപ്പീൽ കാലാവധിയായ ഒരു മാസത്തിനുള്ളിൽ പോക്കുവരവ് നടത്തുവാൻ പാടുള്ളതല്ലായെന്ന നിർദ്ദേശം 21-1-2015-ലെ 19561/ഇ 3/14/റവന്യൂ പ്രകാരമുള്ള സർക്കുലറിലൂടെ ഒഴിവാക്കിയിട്ടുള്ളതുമാണ്. കൂടാതെ പോക്കുവരവ് ചട്ടം 5 പ്രകാരം പോക്കുവരവ് ചെയ്ത് നൽകുന്നതിന് 15 ദിവസത്തെ കാലയളവും നിഷ്കർഷിച്ചിട്ടുണ്ടെന്ന വിവരവും അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച 13-9-2017-ലെ സമിതിയോഗം ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

12. പട്ടയം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി വെള്ളച്ചി, കാസർഗോഡ് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 17490/ഹർജി സി1/2009/നി.സെ.)

കാസർഗോഡ് പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്തിലെ പുല്ലൂർ വില്ലേജിലെ കണ്ണോത്ത് എന്ന സ്ഥലത്ത് 20 വർഷമായി താമസിച്ചു വരുന്ന റീ.സ. നമ്പർ 459/1-ൽപെട്ട 39 സെന്റ് സ്ഥലത്തിന് പട്ടയം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജി റിപ്പോർട്ടിനായി 15-10-2009-ന് റവന്യൂ വകുപ്പിനയച്ചു.

27-4-2013-ന് ലഭ്യമാക്കിയ റവന്യൂ വകുപ്പിന്റെ കത്തിൽ കൈവശഭൂമിക്ക് പട്ടയം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി വെള്ളച്ചി സമർപ്പിച്ച ഹർജിയിന്മേൽ നടപടി സ്വീകരിച്ചുകൊണ്ട് 50 സെന്റ് ഭൂമിക്ക് പട്ടയം അനുവദിച്ചിട്ടുള്ളതായി ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ലായെന്നും 39 സെന്റ് കൈവശഭൂമിക്ക് പട്ടയം ആവശ്യപ്പെട്ടപ്പോൾ 50 സെന്റിന് പട്ടയം അനുവദിച്ചതിന്റെ കാരണ സഹിതം വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും രേഖപ്പെടുത്തിയിരുന്നു.

തുടർന്ന് നിരവധി ഓർമ്മക്കുറിപ്പുകളും അർദ്ധഔദ്യോഗിക കത്തും അയച്ചതിന് 1-12-2015-ന് റവന്യൂ (എൽ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

ശ്രീമതി വെള്ളച്ചി, പുല്ലൂർ എന്നവർ പുല്ലൂർ വില്ലേജിൽ റീ.സ.നമ്പർ 459/1-ൽപ്പെട്ടതും 20 വർഷത്തിലധികമായി തന്റെ കൈവശത്തിലുള്ളതുമായ 39 സെന്റ് ഭൂമിയ്ക്ക് പട്ടയം അനുവദിച്ചു തരുവാൻ ആണ് അപേക്ഷിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ഹർജിക്കാരി കൈവശം വച്ചു പോരുന്ന ഭൂമി അളന്നു തിട്ടപ്പെടുത്തിയപ്പോൾ 0.50 ഏക്കർ (50 സെന്റ്) വിസ്തീർണ്ണമുണ്ടെന്നും ടി ഭൂമിയിൽ മഹസ്സർ പ്രകാരമുള്ള അനുഭവങ്ങൾ ഉണ്ടെന്നും വില്ലേജ് ഓഫീസർ, പുല്ലൂർ തഹസിൽദാർ മുമ്പാകെ റിപ്പോർട്ട് ചെയ്തു. ഫോറം 5 നോട്ടീസ് പ്രകാരം മറ്റുള്ളവർക്ക് ആക്ഷേപമില്ലാത്ത സാഹചര്യത്തിൽ 1-1-2011-ന് ചേർന്ന താലൂക്ക് അസൈൻമെന്റ് കമ്മിറ്റി ശിപാർശ അംഗീകരിക്കുകയും 14-1-2011-ന് കാസർഗോഡ് മുനിസിപ്പൽ ടൗൺഹാളിൽ വെച്ച് നടന്ന ഭൂമി വിതരണ വേളയിൽ വെച്ച് ശ്രീമതി വെള്ളച്ചിക്ക് ഓർഡർ ഓഫ് അസൈൻമെന്റ് നൽകുകയും തുടർന്ന് 3-9-2011-ന് പട്ടയം അനുവദിക്കുകയും ചെയ്തു. കഴിഞ്ഞ 20 വർഷമായി ഹർജിക്കാരി കൈവശം വെച്ച് അനുഭവിച്ചു വരുന്ന പതിവു ഭൂമി 0.50 ഏക്കർ വിസ്തീർണ്ണമുള്ളതും കൃത്യമായി അതിർത്തി സ്ഥാപിക്കപ്പെട്ടതുമാണ്. കൂടാതെ ടി സ്ഥലത്ത് അനുഭവങ്ങളായി 10 മുതൽ 20 വർഷം വരെ പ്രായമുള്ള 15 കശുമാവ്, 15 വർഷം വരെ പ്രായമുള്ള 9 തെങ്ങ് എന്നിവയും ഉണ്ട്. ഹർജിക്കാരി പട്ടികവർഗ്ഗ വിഭാഗത്തിലെ മാവിലൻ സമുദായത്തിൽപ്പെടുന്നവരാണ്. ഹർജിക്കാരി വർഷങ്ങളായി കൈവശം വെച്ചു വരുന്നതും, കൃത്യമായ അതിർത്തി ഉള്ളതുമായ ഭൂമി 0.50 ഏക്കർ വിസ്തീർണ്ണം ഉള്ളതും താൻ കൈവശം വെച്ചു വരുന്ന ഭൂമി പതിച്ചു തരണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് അത്രയും ഭൂമി ഹർജിക്കാരിക്ക് പതിച്ചു നൽകപ്പെട്ടത് എന്നും ആയതിനാൽ പ്രസ്തുത ഭൂമി പതിവ് അംഗീകരിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി വെള്ളച്ചിയ്ക്ക് പട്ടയം അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിയിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട് എന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അറിയിക്കുന്നു.

റിപ്പോർട്ട് പരിഗണിച്ച 7-6-2017-ലെ സമിതിയോഗം ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

13. ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ റഷീദ്, നെടുമങ്ങാട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 15309/ഹർജി എ3/2011/നി.സെ.)

നിർധന കുടുംബത്തിലെ അംഗവും, കൂലിപ്പണിക്കാരനുമായ ഹർജിക്കാരന് 2010 നവംബർ മാസത്തിൽ കാലുകൾക്ക് പെട്ടെന്നുണ്ടായ വേദനയെത്തുടർന്ന് നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ അഡ്മിറ്റ് ആയിയെന്നും ഒരു കത്തിവയ്പ്പ് എടുത്തശേഷം അന്നേ ദിവസം

തന്നെ വീട്ടിൽ വിട്ടുവെന്നും തുടർന്ന് ടിയാന്റെ ശരീരം പൂർണ്ണമായും സ്തംഭിച്ചുവെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സ നടത്തിയെങ്കിലും രോഗശമനം ഉണ്ടായില്ലെന്നും ഹർജിയിൽ പറഞ്ഞിരിക്കുന്നു. തിരുവനന്തപുരം ഗവ: ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച് വീണ്ടും ചികിത്സ നടത്തിയെന്നും, 30-5-2011-ൽ ജനറൽ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിലെത്തിയശേഷം രോഗം മൂർച്ഛിച്ചതിനാൽ വീണ്ടും വേങ്കോട് S.U.T. AMS മെഡിക്കൽ കോളേജിൽ ചികിത്സയിലാണെന്നും, ഹൃദ്രോഗിയായ ഭാര്യയും രണ്ട് പെൺമക്കളുമുള്ള കുടുംബത്തിന്റെ ഏക ആശ്രയം ടിയാനാണെന്നും ആയതിനാൽ ചികിത്സാ ധനസഹായം ലഭ്യമാക്കണമെന്നും ഹർജിയിൽ കൂട്ടിച്ചേർത്തിരുന്നു.

പ്രസ്തുത ഹർജിയിന്മേൽ റിപ്പോർട്ടാവശ്യപ്പെട്ട് 22-8-2011 തീയതിയായി സാമൂഹ്യനീതി വകുപ്പിന് കത്തയച്ചിരുന്നു. അതോടൊപ്പം ഹർജിക്കാരന് മുഖ്യമന്ത്രിയുടെ ധനസഹായ നിധിയിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ഓഫീസിലേക്കും 22-8-2011 തീയതിയായി ഈ സെക്രട്ടേറിയറ്റിൽ നിന്നും കത്തയച്ചിരുന്നു.

സാമൂഹ്യനീതി (സി) വകുപ്പിൽ നിന്നും 2-8-2013-ാം തീയതിയായി ലഭ്യമാക്കിയ റിപ്പോർട്ട് വിവരം ചുവടെ ചേർക്കുന്നു:

"ഹർജിക്കാരനായ ശ്രീ. അബ്ദുൾ റഷീദിന്റെ ഭാര്യയ്ക്ക് പ്രതിമാസം 400 രൂപ ആശ്വാസകിരണം പദ്ധതി പ്രകാരം നൽകുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ടിയാന് സാമ്പത്തിക സഹായം അനുവദിക്കുന്ന മറ്റ് ധനസഹായ പദ്ധതികളൊന്നും നിലവിലില്ല. ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഹർജിക്കാരന് ധനസഹായം ലഭ്യമാക്കാനാകുമോയെന്ന് പരിശോധിച്ച് നിയമസഭാ സമിതിക്ക് നേരിട്ട് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഹർജിയുടെ പകർപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്".

തുടർന്ന്, റവന്യൂ (ഡി.ആർ.എഫ്.എ.) വകുപ്പിൽ നിന്നും 21-6-2017-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഹർജിക്കാരനായ ശ്രീ. അബ്ദുൾ റഷീദ്, നസീല മൻസിൽ, കരിയറത്തി, പനയ്ക്കോട്, നെടുമങ്ങാട്, തിരുവനന്തപുരം എന്നയാൾക്ക് 23-11-2012-ലെ സ.ഉ.(സാധാ.) നമ്പർ 6718/12/റവ. പ്രകാരം 5,000 (അയ്യായിരം രൂപ മാത്രം) ചികിത്സയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചിരുന്നു. ടിയാൻ കിടപ്പുരോഗി യായതിനാൽ നേരിട്ട് തുക കൈപ്പറ്റാൻ കഴിയാത്ത സാഹചര്യത്തിൽ ടിയാന്റെ മകളായ നാസില 23-11-2012-ൽ ടി തുകയ്ക്കുള്ള 029857-ാം നമ്പർ ചെക്ക് കൈപ്പറ്റുകയുണ്ടായി. ഹർജിക്കാരനായ അബ്ദുൾ റഷീദ് 8-10-2016-ൽ മരണപ്പെട്ടു."

പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 2-8-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

## II തദ്ദേശസ്വയംഭരണം

1. **വാർദ്ധക്യകാല പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സുഹറാബി, പി. എ., തൃശ്ശൂർ സമർപ്പിച്ച ഹർജി**

   **(ഫയൽ നമ്പർ 24165/ഹർജി സി3/2015/നി.സെ.)**

കൊടുങ്ങല്ലൂർ നഗരസഭാ പരിധിയിൽ താമസിക്കുന്ന ശ്രീമതി സുഹറാബി, പി. എ. വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും, തന്നോടൊപ്പം അപേക്ഷ നൽകിയവർക്കെല്ലാം പെൻഷൻ അനുവദിച്ചെന്നും ആയതിനാൽ തനിക്കും വാർദ്ധക്യകാല പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടാണ് സമിതിക്ക് 30-11-2015-ൽ ഹർജി നൽകിയത്.

2015 ഡിസംബർ മാസം മുതൽ വാർദ്ധക്യകാല പെൻഷൻ ലഭിച്ചു തുടങ്ങിയിട്ടുണ്ടെന്നും തന്റെ പരാതിക്ക് പരിഹാരമുണ്ടായതിനാൽ പരാതി പിൻവലിക്കുകയാണെന്നും 30-7-2016 തീയതിയായി ഹർജിക്കാരി സമിതിയെ അറിയിച്ചിട്ടുണ്ട്.

## III. പൊതുവിദ്യാഭ്യാസം

1. **നിർബന്ധിത ടി. സി. നൽകിയതിനെതിരെ നടപടി ആവശ്യപ്പെട്ട് കുമാരി ആൻലി റോസ് ആന്റോ സമർപ്പിച്ച ഹർജി**

   **(ഫയൽ നമ്പർ 20649/ഹർജി എ 3/ 2014/നി.സെ.)**

ഹർജിക്കാരി സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. കഴിക്കാട്ടുശ്ശേരിയിൽ പ്ലസ് ടു വിദ്യാർത്ഥിനിയാണെന്നും, പ്ലസ് വണ്ണിന് കമ്പ്യൂട്ടർ സയൻസിൽ നല്ല മാർക്കോടെ വിജയിച്ചുവെന്നും, തുടർന്ന് പ്ലസ് ടു പഠിച്ചുകൊണ്ടിരിക്കെ തക്കതായ കാരണങ്ങളില്ലാതെ സ്കൂളിൽ തുടർന്ന് പഠിക്കുവാൻ അവദിക്കാതിരിക്കുകയും നിർബന്ധിച്ച് ടി.സി. നൽകിയെന്നും, ടി.സി. തരുന്നതിൽ സ്കൂളിനോ, ടീച്ചേഴ്സിനോ യാതൊരുവിധ ഉത്തരവാദിത്വവുമില്ലെന്ന് നിർബന്ധിച്ച് രക്ഷകർത്താക്കളിൽ നിന്നും എഴുതി വാങ്ങിയെന്നും തുടർന്ന് പഠിക്കുവാൻ ശ്രമം നടത്തിയപ്പോൾ ടി സ്കൂളിൽ പരീക്ഷാഫീസ് അടച്ചതുമൂലം മറ്റ് സ്കൂളിൽ പഠിക്കുവാൻ സാധിക്കില്ലെന്ന് മനസ്സിലായെന്നും ആയതിനാൽ ടിയാൾ പഠിച്ച സെന്റ് ജി.എച്ച്.എസ്.എസ്. കഴിക്കാട്ടുശ്ശേരി സ്കൂളിൽ തുടർന്ന് പഠിക്കുന്നതിനുവേണ്ട സഹായം ചെയ്യണമെന്നതാണ് ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

2014-15 അദ്ധ്യയന വർഷത്തിൽ തൃശ്ശൂർ കഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിൽ സയൻസ് വിഷയത്തിൽ പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥിനിയായിരുന്ന കുമാരി ആൻലി റോസ് ആന്റോയെ സ്കൂളിൽ നിന്നും പുറത്താക്കിയിരുന്നുവെന്നും ബഹു. കേരള ഹൈക്കോടതി ഈ വിഷയത്തിൽ ഇടപെടുകയും കോടതിയുടെ മധ്യസ്ഥതയിൽ പ്രശ്നം പരിഹരിച്ചതായും ആയതിന്റെ വെളിച്ചത്തിൽ പരാതിക്കാരി 2015 മാർച്ചിൽ നടന്ന ഹയർ സെക്കന്ററി പരീക്ഷ എഴുതി വിജയിച്ചിട്ടുള്ളതായും പ്രിൻസിപ്പൽ അറിയിച്ചിട്ടുള്ളതായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമിതി ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിച്ചു

2. ഓണറേറിയം അനുവദിച്ച് ജോലി സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി സിന്ധു, കൊല്ലം സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 14543/ഹർജി എ $_2$/2016/നി.സെ.)

2012 ഒക്ടോബർ മാസം 31-ാം തീയതി കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് ഗവ.എൽ.പി. സ്കൂളിൽ ആയയായി ഹർജിക്കാരി ജോലിയിൽ പ്രവേശിച്ചെന്നും 2016-17 അദ്ധ്യായന വർഷത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിൽ 135 കുട്ടികൾ പഠിച്ചിരുന്നുവെങ്കിലും ഓണറേറിയം ലഭിച്ചിരുന്നില്ലെന്നും വിവാഹ ബന്ധം വേർപിരിഞ്ഞ് താമസിക്കുന്ന ടിയാൾക്ക് മകളെ വളർത്തുവാനും പഠിപ്പിക്കുവാനും വേണ്ടി ഓണറേറിയം അനുവദിച്ച് നൽകാൻ മേൽ നടപടികൾ സ്വീകരിക്കണമെന്നുമായിരുന്നു ഹർജിയിലെ ആവശ്യം.

ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ (പി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

31-10-2012-ലാണ് ശ്രീമതി സിന്ധു പ്രീപ്രൈമറി ആയയായി സേവനമാരംഭിച്ചത്. 2012-13 അദ്ധ്യായന വർഷത്തിൽ പ്രീപ്രൈമറി വിഭാഗത്തിൽ 171 കുട്ടികളുണ്ടായിരുന്നു. സർക്കാർ സ്കൂളുകളിൽ പി.റ്റി.എ. നടത്തിവരുന്ന പ്രീപ്രൈമറി ക്ലാസ്സുകളിലെ വിദ്യാർത്ഥി അദ്ധ്യാപക ആയ അനുപാതം 30:1:1 ആണ്. പരാതിക്കാരിക്കു പുറമേ രണ്ട് ആയമാർ കൂടി സേവനമനുഷ്ഠിച്ചിരുന്നു.

6-2-1988-ലെ സ.ഉ.(സാ) 465/88/പൊ.വി. പ്രകാരമാണ് അധിക സ്ഥല സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ സ്വന്തം ചെലവിൽ പ്രീപ്രൈമറി ക്ലാസ്സുകൾ നടത്താനായി സർക്കാർ പി.റ്റി.എ.കൾക്ക് അനുമതി നൽകിയത്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

5-7-1988-ലെ സർക്കാർ ഉത്തരവ് നമ്പർ 2453/88 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ടി ഉത്തരവിലാണ് അദ്ധ്യാപക ആയ വിദ്യാർത്ഥി അനുപാതവും പ്രീപ്രൈമറി ടീച്ചറുടേയും ആയയുടെയും വിദ്യാഭ്യാസ യോഗ്യത എന്തായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുള്ളത്.

സ്വന്തം ചെലവിൽ പ്രീപ്രൈമറി നടത്താൻ ആവശ്യപ്പെട്ടുവെങ്കിലും ടീച്ചർക്കും ആയയ്ക്കും വളരെ ചെറിയ തോതിൽ ഒരു ധനസഹായം സർക്കാർ അനുവദിച്ച നൽകിയിരുന്നു. എന്നാൽ സർക്കാർ നൽകുന്ന ധനസഹായം കുറവാണെന്നും മെച്ചപ്പെട്ടവേതനം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പ്രീപ്രൈമറി ടീച്ചേഴ്സ് ആന്റ് ആയാസ് അസോസിയേഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തള്ളിയെങ്കിലും അപ്പീലിൽ സർക്കാരിനെതിരെ വിധിന്യായം പുറപ്പെടുവിക്കുകയും ബഹു. സുപ്രീംകോടതി ആയത് ശരിവെയ്ക്കുകയും ഉണ്ടായ സാഹചര്യത്തിൽ സർക്കാർ നല്കിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിക്കുകയുണ്ടായി. ഇതിനായി സർക്കാർ മൂന്ന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. 7-12-2012-ലെ സ.ഉ. (എംഎസ്.) 385/2012/പൊ.വി.വ. പ്രകാരം നിശ്ചിത യോഗ്യതയുള്ളവർക്ക് ഓണറേറിയം വർദ്ധിപ്പിച്ച നൽകി.

2. 25-4-2013-ലെ സ.ഉ. (എംഎസ്.) 146/2013/പൊ.വി.വ. പ്രകാരം നിശ്ചിത യോഗ്യതയില്ലാത്തവർക്ക് 1-8-2012-ൽ ഒരു വർഷത്തെ സർവ്വീസ് പൂർത്തായായെങ്കിൽ വർദ്ധിപ്പിച്ച ഓണറേറിയം അനുവദിച്ച് നൽകാം. 7-12-2012-നുശേഷം പി.റ്റി.എ.യുടെ ആഭിമുഖ്യത്തിൽ പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുവാനോ നിയമനം നടത്തുവാനോ പാടില്ലായെന്ന് സർക്കാർ നിർദ്ദേശിച്ചത് ഈ ഉത്തരവിലാണ്.

3. 18-7-2014-ലെ സ.ഉ. (എംഎസ്.) 137/2014/പൊ.വി.വ. പ്രകാരം 1-8-2012-ൽ സർവ്വീസിലുണ്ടായിരുന്നവർക്കെല്ലാം സർവ്വീസ് ദൈർഘ്യവും യോഗ്യതയും കണക്കിലെടുക്കാതെ വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ ആനുകൂല്യം നൽകി.

4. ചുരുക്കത്തിൽ 7-12-2012-ൽ സർവ്വീസിലുണ്ടായിരുന്ന നിശ്ചിത യോഗ്യതയുള്ളവർക്കും 1-8-2012-ൽ സർവ്വീസിലുണ്ടായിരുന്ന എല്ലാവർക്കും സർക്കാർ ഓണറേറിയം നൽകിവരുന്നു.

5. 30-12-2012-ലാണ് ശ്രീമതി സിന്ധു ആയയായി നിയമിതയായത്. ആയയുടെ വിദ്യാഭ്യാസ യോഗ്യത ഏഴാം ക്ലാസ്സാണ്. ശ്രീമതി സിന്ധുവിന്റെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.യാണ്. മാത്രമല്ല 2012-13 അദ്ധ്യായന വർഷത്തിലും വരും വർഷങ്ങളിലും ആയയായി സിന്ധുവിനെ ഉൾക്കൊള്ളാൻ വേണ്ട കുട്ടികൾ ടി സ്കൂളിലെ പ്രീപ്രൈമറി സെക്ഷനിലുണ്ടായിരുന്നു. മേൽ

സാഹചര്യത്തിൽ ശ്രീമതി. സിന്ധുവിനെ 1-8-2012-ലെ സ.ഉ(എംഎസ്.). 385/2012/ പൊ.വി.വ. ഉത്തരവിന്റെ പരിധിയിൽപ്പെടുത്തി ഓണറേറിയം അനുവദിച്ച് നൽകാൻ വേണ്ട നിർദ്ദേശം കൊല്ലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 2-8-2017-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ നടപടികൾ അവസാനിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഹർജിക്കാരി ലഭ്യമാക്കിയ പ്രതികരണ ഹർജിയിൽ, സമിതിയുടെ ഇടപെടൽമൂലം ഓണറേറിയം ലഭ്യമായതിലുള്ള നന്ദി അറിയിച്ചിട്ടുണ്ട്.

3. സേവന ആനുകൂല്യങ്ങളും സീനിയോറിറ്റിയും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി മേരി വിജയറാണി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 18006/ഹർജി എ 2/2014/നി.സെ.)

ഹർജിക്കാരി ഇടുക്കി ജില്ലയിൽ ചീന്തലാർ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസ്.-ൽ ഹൈസ്കൂൾ അസിസ്റ്റന്റായി 1-6-1998 മുതൽ ജോലി ചെയ്തു വരവെ, ടിയാൾക്ക് റഗുലർ ബി.എഡ്. ഇല്ലാതെ മധുര കാമരാജ് യൂണിവേഴ്സിറ്റി കറസ്പോണ്ടൻസ് ബി.എഡ്. ഡിഗ്രിയാണുള്ളതെന്ന കാരണത്താൽ പ്രസ്തുത നിയമനം അംഗീകരിക്കാതിരിക്കുകയും പിരിച്ചുവിടാനുള്ള ശ്രമം നടത്തുകയും ചെയ്ത സാഹചര്യത്തിൽ ടിയാൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 3 വർഷത്തിനകം റഗുലർ ബി.എഡ്. എടുക്കണമെന്ന വ്യവസ്ഥയിൽ ജോലിയിൽ തുടരുവാനും വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിരുന്നതായും ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2009 ഒക്ടോബറിൽ എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് റഗുലർ ബി.എഡ്. പാസ്സാവുകയും അതിന്റെ അടിസ്ഥാനത്തിൽ 2010 ജൂൺ മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതായി ഹർജിയിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ ടിയാളുടെ 2010 ജൂണിന് മുൻപുള്ള 12 വർഷത്തെ സേവന ആനുകൂല്യങ്ങളും സീനിയോറിറ്റിയും ലഭിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ അപേക്ഷ നൽകിയെങ്കിലും നിരസിക്കുകയാണുണ്ടായതെന്നും ഹർജിയിൽ പറഞ്ഞിരിക്കുന്നു.

മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്ന് 1992-ൽ ബി.എഡ്. കോഴ്സ് കറസ്പോണ്ടൻസ് ആയി പാസ്സായ ഹർജിക്കാരി 1998 ജൂണിൽ സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എസിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് 2 വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഗവൺമെന്റ് സ്കൂളിൽ ജോലി ചെയ്ത് ശമ്പളം വാങ്ങിയിരുന്നുവെന്നും

29-7-1999-ലെ സർക്കാർ ഉത്തരവിലൂടെയാണ് മധുര കാമരാജ് യൂണിവേഴ്സിറ്റിയുടെ കറസ്പോണ്ടൻസ് ബി.എഡ്. കോഴ്സിന്റെ അംഗീകാരം റദ്ദാക്കിയതെന്നും എന്നാൽ ഏലപ്പാറ പഞ്ചായത്ത് ഹൈസ്കൂളിൽ കേരള സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത അണ്ണാമല യൂണിവേഴ്സിറ്റിയുടെ കറസ്പോണ്ടൻസ് ബി.എഡ്. യോഗ്യതയുണ്ടായിരുന്ന ശ്രീമതി ഐസ്ലി സുഹിത എന്ന അദ്ധ്യാപികയുടെ നിയമനം 5-1-1993-ൽ പൊതുവിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടുണ്ടെന്നും ഹർജിയിൽ സൂചിപ്പിച്ചിരുന്നു.

വർഷങ്ങളായി അടച്ചുപൂട്ടപ്പെട്ട പീരുമേട് തേയില എസ്റ്റേറ്റിലെ തൊഴിലാളിയായ തന്റെ ഭർത്താവും മൂന്നു കുട്ടികളും ഉൾപ്പെടെ എസ്റ്റേറ്റ് ലയത്തിൽ താമസിക്കുന്ന ഹർജിക്കാരിയുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ച് 1-6-1998 മുതൽ 31-5-2010 വരെയുള്ള 12 വർഷത്തെ സേവന ആനുകൂല്യങ്ങളും പെൻഷനും നഷ്ടപ്പെട്ട സീനിയോറിറ്റിയും ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതായിരുന്നു ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

31-3-1998-ൽ ഇടുക്കി ചീന്താലാർ സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കന്ററി സ്കൂളിൽ നിന്നും വിരമിച്ച ശ്രീ. ഫ്രാൻസിസ് സേവ്യറിന്റെ ഒഴിവിൽ സോഷ്യൽ സയൻസ് തമിഴ് മീഡിയം ഹൈസ്കൂളിൽ അദ്ധ്യാപികയായി വിജയപുരം ഡയോസിസിന്റെ കീഴിലുള്ള കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കോർപ്പറേറ്റ് മാനേജർ ശ്രീമതി പി. മേരി വിജയറാണിയെ നിയമിച്ചു. എന്നാൽ ടിയാരിയുടെ ബി.എഡ്. ബിരുദം മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയിൽ നിന്നുള്ളതാകയാൽ പ്രസ്തുത നിയമനം നിരസിക്കുകയും സർവ്വീസിൽ നിന്ന് അവരെ നീക്കം ചെയ്യുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി മേരി വിജയറാണി ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 22177/2008-ലെ 27-5-2009-ലെ വിധിയിന്മേൽ നിയമനം നിരസിച്ചുകൊണ്ടുള്ള ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. ഇതിനിടയിൽ കോട്ടയത്തെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും 2009-ൽ ടിയാരി ഇംഗ്ലീഷ് ബി.എഡ്. ബിരുദം കരസ്ഥമാക്കുകയുണ്ടായി. അപ്രകാരം കോർപ്പറേറ്റ് മാനേജർ 1-6-2010 മുതൽ അവരെ ഇംഗ്ലീഷ് ഹൈസ്കൂൾ അദ്ധ്യാപികയായി നിയമിക്കുകയും, അപ്പോൾ അവർക്ക് നിയമാനുസൃതമുള്ള പ്രായം കഴിഞ്ഞുപോയിരുന്നതിനാൽ അവരുടെ നിയമനം നിരസിച്ച് ഉത്തരവാകുകയും ചെയ്തു.

ഇതിനെ തുടർന്ന് പരാതിക്കാരി 1-6-1998 മുതലുള്ള സോഷ്യൽ സയൻസ് അദ്ധ്യാപിക നിയമനാംഗീകാരത്തിനും 1-6-2010 മുതലുള്ള ഇംഗ്ലീഷ് ഹൈസ്കൂൾ അദ്ധ്യാപിക നിയമനാംഗീകാരത്തിനും വീണ്ടും സർക്കാരിൽ നിവേദനം സമർപ്പിക്കുക യുണ്ടായി. ഇതു പരിഗണിച്ച് 20-06-2012-ലെ സ.ഉ.(ആർ.റ്റി) 2875/ 2012/പൊ.വി.വ.

ഉത്തരവ് പ്രകാരം ടിയാരിയുടെ 1-6-2010 മുതലുള്ള ഇംഗ്ലീഷ് അദ്ധ്യാപിക നിയമനം അംഗീകരിച്ചു കൊടുക്കുകയും മധുരൈ കാമരാജ് യൂണിവേഴ്സിറ്റിയുടെ ബി.എഡ്. ബിരുദത്തിന് അംഗീകാരം ഇല്ലാത്തതിനാൽ 1-6-1998 മുതലുള്ള നിയമനാംഗീകാരം നിരസിക്കുകയും ചെയ്തു.

ഇതിനെതിരെ ശ്രീമതി പി. മേരി വിജയറാണി, തുടർന്നും സർക്കാരിന് റിവിഷൻ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത നിവേദനം പരിശോധിച്ച് സർക്കാർ 6-2-2014-ലെ സ.ഉ. (ആർ.ടി) 609/14/പൊവിവ. നമ്പർ ഉത്തരവു പ്രകാരം ടി ആവശ്യം നിരസിക്കുകയുമുണ്ടായി.

ഇതിനെ തുടർന്ന് സേവന ആനുകൂല്യങ്ങളും സീനിയോറിറ്റിയും ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി മേരി വിജയറാണി ഹർജികൾ സംബന്ധിച്ച സമിതി മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് 1-3-2016-ലെ വകുപ്പുതല തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിച്ച വിവരം കേരള നിയമസഭാ സെക്രട്ടറി 4-5-2016 തീയതിയിലെ 18006/ഹർജി എ 2/2014/നി.സെ. നമ്പർ കത്തു പ്രകാരം ഈ ഓഫീസിൽ അറിയിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സർക്കാർ ഈ വിഷയം പുനഃപരിശോധിക്കുകയും 1-6-1998 മുതൽ 31-5-2010 വരെയുള്ള കാലയളവിലെ ശ്രീമതി മേരി വിജയറാണിയുടെ നിയമനം ഒരു പ്രത്യേക കേസായി പരിഗണിച്ച് മിനിമം ബേസിക് പേ നിരക്കിൽ അംഗീകരിക്കാവുന്നതും, പ്രസ്തുത കാലം ഡി.എ., എച്ച്.ആർ.എ. എന്നിവയ്ക്ക് അർഹതയില്ലാത്തതും എന്നാൽ പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാവുന്നതാണെന്നുമുള്ള നിബന്ധനയിന്മേൽ സ.ഉ. (സാധാ) നമ്പർ 251/2017/പൊവിവ. തീയതി 31-1-2017 പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 30-6-2017-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും ഹർജിക്കാരിയുടെ ആവശ്യം പരിഹൃതമായതിനാൽ ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## III. പൊതുമരാമത്ത് വകുപ്പ്

### 1. അപകടകരമായ രീതിയിലുള്ള വഴിയോര മരങ്ങൾ മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. സെയ്തു മുഹമ്മദ്, സി. എ., തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19091/ഹർജി ബി1/2016/നി.സെ.)

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ മുതൽ വെള്ളാങ്ങല്ലൂർ വരെയുള്ള പൊതുമരാമത്ത് റോഡിന്റെ വശങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് 2015 ആഗസ്റ്റ് മുതൽ നിരവധി പരാതികൾ ബന്ധപ്പെട്ടവർക്ക്

നൽകിയിട്ടും നാളിതുവരെയും മരങ്ങൾ മുറിച്ചുമാറ്റിയിട്ടില്ലെന്നും കഴിഞ്ഞ കാലവർഷ ക്കാലത്ത് മരത്തിന്റെ കൊമ്പുകൾ വീണ് വാഹനാപകടം ഉണ്ടായിട്ടുണ്ടെന്നും ആയതിനാൽ ടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അടിയന്തര നടപടി ഉണ്ടാകണമെന്നും ഹർജിക്കാരൻ 13-6-2016-ൽ സമർപ്പിച്ച ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 22-7-2016-ൽ പൊതുമരാമത്ത് വകുപ്പിലേക്ക് അയച്ചു.

ഹർജിയിന്മേൽ പൊതുമരാമത്ത് (ജി) വകുപ്പിൽ നിന്നും 7-2-2017-ലെ ജി2/84/ 2016/പൊ.മ.വ. നമ്പർ കത്ത് മുഖേന ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീ. സെയ്തുമുഹമ്മദ് വെള്ളാംങ്ങല്ലൂർ സമർപ്പിച്ച പരാതിയിൽ പറയുന്ന വാകമരം, അപകടാവസ്ഥയിൽ നിൽക്കുന്ന മറ്റു മരങ്ങൾ, മരത്തിന്റെ ചില്ലകൾ എന്നിവ സോഷ്യൽ ഫോറസ്ട്രിയുടെ അനുമതിയോടുകൂടി ലേലം ചെയ്ത് മുറിച്ചുമാറ്റിയിട്ടുള്ളതും ഈ വിവരം പരാതിക്കാരനെ 16-8-2016-ൽ കൊടുങ്ങല്ലൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ റോഡരുകിൽ നിൽക്കുന്ന ഉണങ്ങിയ മരങ്ങളും പൊതുജനങ്ങൾക്ക് ഭീഷണി ഉയർത്തുന്ന മരങ്ങൾ, മരക്കൊമ്പുകൾ എന്നിവയും ശ്രദ്ധയിൽപ്പെട്ടാൽ അവ ഉടനെ മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ഉപവിഭാഗങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. "

പ്രസ്തുത റിപ്പോർട്ട് വിവരം 17-2-2017-ലെ കത്ത് മുഖേന ഹർജിക്കാരനെ അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 12-10-2017-ലെ സമിതിയോഗം പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

2. ശമ്പളം പുതുക്കി നിർണ്ണയിച്ച പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ശശീന്ദ്രൻ കെ. കെ, ഇടുക്കി സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 16126/ഹർജി ബി2/2015/നി.സെ.)

പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് സബ്ഡിവിഷൻ, ഇടുക്കി, തൊടുപുഴ ഓഫീസിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറായി 31-3-2010-ൽ വിരമിച്ച ഹർജിക്കാരന് 26-2-2011-ലെ 85/2011/ധനം നമ്പർ ഉത്തരവ് പ്രകാരം ശമ്പളം പുതുക്കി നിശ്ചയിച്ചതിൻ പ്രകാരമുള്ള ശമ്പള കുടിശ്ശിക ലഭിച്ചെങ്കിലും പെൻഷൻ ആനുകൂല്യങ്ങൾ പുതുക്കി നിശ്ചയിച്ച് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അനുവദിച്ച് കിട്ടിയില്ലെന്നും ആയതിനാൽ 1-7-2009 മുതൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ, ഗ്രാറ്റുവിറ്റി, ഫാമിലി

പെൻഷൻ, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ അനുവദിക്കുന്നതിന് ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. അഡ്മിനിസ്ട്രേഷന് നിർദ്ദേശം നൽകണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു. പ്രസ്തുത ഹർജിയിന്മേൽ പൊതുമരാമത്ത് (ബി) വകുപ്പ് ലഭ്യമാക്കിയ 16-8-2016 ലെ കത്ത് പ്രകാരമുള്ള, റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ശ്രീ. കെ. കെ ശശീന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട)-ന് പുതുക്കിയ ശമ്പളനിർണ്ണയ പ്രകാരമുള്ള ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറലിന്റെ 15-12-2015 -ലെ ഉത്തരവു പ്രകാരം പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 1-9-2016-ൽ ഹർജിക്കാരനെ അറിയിച്ചു. 4-1-2017-ലെ സമിതി യോഗത്തിൽ ഗവൺമെന്റ് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഫയൽ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## V. ധനകാര്യ വകുപ്പ്

1. ഭാഗ്യക്കുറി ടിക്കറ്റുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ സംബന്ധിച്ച് ശ്രീ. എ.എൽ. ജെസ്റ്റിൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 11569/ഹർജി എ 2/2014/നി.സെ.)

ലോട്ടറി ടിക്കറ്റുകൾ വിതരണം ചെയ്യുന്നതിലെ അപാകതകൾ പരിഹരിക്കണമെന്നതായിരുന്നു ശ്രീ. എ.എൽ. ജസ്റ്റിൻ, കൺവീനർ, കേരള ലോട്ടറി ഏജന്റ്സ് അസോസിയേഷൻ സമർപ്പിച്ച ഹർജിയിലെ ആവശ്യം, ഹർജിയിന്മേൽ നികുതി (എച്ച്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ വിതരണത്തിന് നൽകുന്ന ടിക്കറ്റുകൾ മുഴുവൻ വില്ലപ്പെടാത്ത അവസ്ഥയാണുണ്ടായിരുന്നത്. ശ്രീ. എ.എൽ ജസ്റ്റിൻ സ്വന്തം ഏജൻസി നമ്പരിൽ (ആർ 4075) ടിക്കറ്റുകൾ എടുത്തിരുന്നില്ല. ടിയാന്റെ പിതാവിന്റെ ഏജൻസി നമ്പരിൽ 30 രൂപ മുഖവിലയുള്ള 38,000 ടിക്കറ്റുകൾ വാങ്ങിക്കൊണ്ടിരുന്നെങ്കിലും നിലവിൽ 30,000 ടിക്കറ്റുകളാണ് വാങ്ങുന്നത്.

20 രൂപ മുഖവിലയുള്ള ടിക്കറ്റുകൾ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്ന് ആവശ്യത്തിന് ലഭിക്കാതിരുന്ന സമയത്താണ് (18-1-2014-ൽ) പരാതി സമർപ്പിച്ചതെന്നും ടിക്കറ്റ് വില 30 രൂപയായി വർദ്ധിപ്പിക്കുകയും 10 പരമ്പരകളിലായി 80 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കുകയുംചെയ്തതോടെ എല്ലാ ഏജന്റുമാർക്കും ആവശ്യത്തിന് ടിക്കറ്റ് ലഭിക്കുന്നുണ്ടെന്നും ശ്രീ. എ.എൽ. ജസ്റ്റിൻ രേഖാമൂലം ജില്ലാ ഭാഗ്യക്കുറി ഓഫീസറെ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 2-8-2017-ലെ യോഗം അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

## VI. ഭവന നിർമ്മാണ വകുപ്പ്

1. ഭവന നിർമ്മാണ ബോർഡിന്റെ വായ്പാ കുടിശ്ശികയിൽ നിന്നും ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വി. കണ്ടൻകുട്ടി, കോഴിക്കോട് സമർപ്പിച്ച ഹർജി.

(ഫയൽ നമ്പർ 19018/ഹർജി ബി1/2013/നി.സെ.)

കൂലിപ്പണിക്കാരനും പട്ടികജാതി വേട്ടുവൻ സമുദായാംഗ വുമായ ശ്രീ. കണ്ടൻകുട്ടി 10-9-2013 തീയതിയായി സമർപ്പിച്ച ഹർജിയിൽ ടിയാൻ കോഴിക്കോട് ഭവന നിർമ്മാണ ബോർഡ് റീജിയണൽ ഓഫീസിൽ നിന്നും എച്ച്.എൽ.കെ 3238/91 നമ്പർ ആയി 23,000 രൂപ വായ്പയെടുക്കുകയും വായ്പാ കുടിശ്ശിക ഭാഗികമായി തിരിച്ചടയ്ക്കുകയും ചെയ്തതായും എന്നാൽ ജോലിക്കിടെയുണ്ടായ പരിക്ക്മൂലം തിരിച്ചടവ് മുടങ്ങുകയും പലിശയും കൂട്ടുപലിശയുമടക്കം വലിയ തുക കുടിശ്ശികയായെന്നും ടിയാന്റെ വിവാഹിതരായ രണ്ട് പെൺമക്കൾ താമസം മാറിയതോടുകൂടി ടിയാനും ഭാര്യയും മാത്രമാണ് വീട്ടിലുള്ളതെന്നും ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ വായ്പാ കുടിശ്ശിക തിരിച്ചടയ്ക്കാൻ യാതൊരു വഴിയുമില്ലാത്ത സ്ഥിതിയാണെന്നും ബോധിപ്പിച്ചിരുന്നു. പ്രസ്തുത സാഹചര്യത്തിൽ ടിയാന്റെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഹർജിയിൽ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 4-10-2013-ൽ ഭവന നിർമ്മാണ വകുപ്പിലേക്ക് അയച്ചു. ആയത് സംബന്ധിച്ച റിപ്പോർട്ട് ഭവന നിർമ്മാണ (ബി) വകുപ്പ് 26-3-2014 ലെ 5584/ബി1/2013/ഭവന നമ്പർ കത്ത് മുഖേന ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"ഭവന നിർമ്മാണ ബോർഡിൽ നിന്നും ലഭ്യമാക്കിയ വായ്പയുടെ കുടിശ്ശിക എഴുതിത്തള്ളി ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് ശ്രീ. കണ്ടൻകുട്ടി. വി, കോഴിക്കോട് ഹർജികൾ സംബന്ധിച്ച സമിതിയിലേക്ക് സമർപ്പിച്ച ഹർജിയിന്മേൽ ഭവന നിർമ്മാണ ബോർഡിന്റെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും അപേക്ഷകന് 1993-ൽ ലഭ്യമാക്കിയ 20,400 രൂപയുടെ എൽ.ഐ.ജി വായ്പയിൽ 29,000 രൂപ തിരിച്ചടച്ചതിനാലും മാനുഷിക പരിഗണന നൽകിയും അപേക്ഷകന്റെ വായ്പാ കുടിശ്ശിക പൂർണ്ണമായും എഴുതിത്തള്ളുവാൻ 14-2-2014-ലെ സ.ഉ.(ആർ.റ്റി) നമ്പർ 24/14/ഭവനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു."

പ്രസ്തുത റിപ്പോർട്ടിലെ വിവരം 6-5-2014-ലെ കത്തു മുഖേന ഹർജിക്കാരനെ അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 22-11-2017-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി പരിഗണിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു

2. ഭവന നിർമ്മാണബോർഡ് അമിത പലിശ ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ. ജോസഫ്, കണ്ണൂർ സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 16812/ഹർജി ബി4/2013/നി.സെ.)

ഹർജിക്കാരൻ ഭവനനിർമ്മാണ ബോർഡിന്റെ കണ്ണൂർ ഡിവിഷൻ ഓഫീസിൽ നിന്നും 2000-ാമാണ്ടിൽ 14%പലിശ നിരക്കിൽ 70,000 രൂപ ഭവനവായ്പ എടുത്തുവെന്നും, എന്നാൽ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വന്നപ്പോൾ ആറിരട്ടിയോളം തുകയാണ് കടിശ്ശികയായി തിരിച്ചടയ്ക്കാൻ ഭവനനിർമ്മാണ ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും ആയതിനാൽ നിയമവിരുദ്ധമായി അമിതപലിശ ഈടാക്കുന്ന ബോർഡിന്റെ നടപടി സംബന്ധിച്ച് അന്വേഷണം നടത്തി അക്കാര്യത്തിൽ തീർപ്പുണ്ടാക്കണമെന്ന് 13-5-2013-ൽ സമർപ്പിച്ച ഹർജിയിൽ ടിയാൻ അപേക്ഷിച്ചിരുന്നു.

പ്രസ്തുത ഹർജി റിപ്പോർട്ടിനായി 20-7-2013-ൽ ഭവനനിർമ്മാണ വകുപ്പിനും, റവന്യൂ വകുപ്പിനും അയച്ചുകൊടുത്തു. തുടർന്ന് റവന്യൂ (എച്ച്) വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

"S.R.O.No.1465/87 വിജ്ഞാപനം പ്രകാരം ദുർബല വിഭാഗങ്ങളുടെ വികസനത്തിന് സംസ്ഥാന/കേന്ദ്ര സർക്കാരുകളുടെ അനുമതിയോടുകൂടി ബാങ്കുകൾ നൽകുന്ന വായ്പകൾ റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 71 ന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കേരള ഭവനനിർമ്മാണ ബോർഡിന്റെ കടിശ്ശിക പിരിച്ചെടുക്കുന്നതിന് മേൽ S.R.O.അല്ല മാനദണ്ഡമാക്കിയിട്ടുള്ളത്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ലഭിക്കാനുള്ള കടിശ്ശിക പിരിച്ചെടുക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തെ S.R.O. No.311/76 വിജ്ഞാപനം പ്രകാരം റവന്യൂ റിക്കവറി ആക്ട് സെക്ഷൻ 71-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു പ്രകാരമാണ് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ഭവന വായ്പ കടിശ്ശിക ഈടാക്കുന്നതിന് കടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി നിയമപ്രകാരം സ്വീകരിച്ച നടപടി നിയമവിധേയമാണ്."

ഭവനനിർമ്മാണ (ബി) വകുപ്പ് 25-2-2015-ലെ 4350/ബി1/2013/ഭവനം നമ്പർ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ അപേക്ഷകന് ഭവനനിർമ്മാണ ബോർഡ് ലഭ്യമാക്കിയ 70,000 രൂപയുടെ എൽ.ഐ.ജി. വായ്പയുടെ കടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ദീർഘിപ്പിക്കുന്ന മുറയ്ക്ക് അതിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി വായ്പാകണക്ക് തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു.

ഭവനനിർമ്മാണ ബോർഡ് അമിത പലിശ ഈടാക്കുന്നതു സംബന്ധിച്ച ഹർജി വിഷയങ്ങളിന്മേൽ 29-8-2013-ൽ നടന്ന സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ ഭവനനിർമ്മാണ ബോർഡിൽ നിന്നും എടുത്ത ഭവന വായ്പയുടെ തിരിച്ചടവിൽ അവശർ, ലോണെടുത്ത ശേഷം ഭാര്യയോ ഭർത്താവോ മരണപ്പെട്ടവർ, അശരണർ, മാരകരോഗം പിടിപെട്ടവർ, പ്രകൃതി ദുരന്തങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നവർ തുടങ്ങി പ്രത്യേക ആനുകൂല്യത്തിന് അർഹതയുള്ളവരുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആയത് പരിഗണിച്ച് അനുകൂല തീരുമാനമെടുക്കാമെന്നും തീരുമാനമുണ്ടാകുന്നതു വരെ റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്യാനുള്ള നിർദ്ദേശം നൽകാമെന്നും ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ ഉറപ്പുനൽകിയിരുന്നു. പ്രസ്തുത ഉറപ്പിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭവനനിർമ്മാണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 8-11-2017-ലെ HSG-B1/5/2007-HSG നമ്പർ കത്തു പ്രകാരം ഭവനനിർമ്മാണ (ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

